TRUTH SHALL MAKE YOU FREE

# മലങ്കരസഭ

## മാസിക



മാർച്ച് 27-ാം തീയതി
81-ാം വയസ്സിലേക്ക് പ്രവേശിക്കുന്ന
പ. കാതോലിക്കാബാവാ തിരുമേനിക്ക്
മലങ്കരസഭയുടെ ആശംസകൾ

1987
മാർച്ച്
ലക്കം 3
പുസ്തകം 42





പുതുതായി പണികഴിപ്പിച്ച ബോംബെ പള്ളിയിൽ പ. കാതോലിക്കാ ബാവാ വി. കുർബാന അർപ്പിച്ചപ്പോൾ. മാർ തേവോദോസ്യോസ്, മാർ മിലീത്തിയോസ് എന്നീ തിരുമേനിമാരെയും സി. റ്റി. ഐസക്ക് റമ്പാൻ, സി. സി. ഗീവർഗീസ് കോറെപ്പിസ്ക്കോപ്പാ മുതലായവരെയും കാണാം.



കോട്ടയം മെത്രാസന ആഫീസിന് കോട്ടയത്ത് എം. ഡി. സെമിനാരിക്കു സമീപം ഈരേൽക്കടവിൽ വാങ്ങിയ കെട്ടിടത്തിന്റെ കൂദാശ പ. കാതോലിക്കാബാവാ നിർവഹിക്കുന്നു. ഇടവക മെത്രാപ്പോലീത്താ മാർ ഈവാനിയോസ്, മെത്രാസന സെക്രട്ടറി ഫാ. സി. എം. ജോൺ എന്നിവർ സമീപം.


# മലങ്കരസഭ

10-3-1987


എഡിറ്റോറിയൽ

## പ. ബാവാ തിരുമേനിക്ക് ജന്മദിനാശംസകൾ

മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായ പരിശുദ്ധ കാതോലിക്കാബാവാ തിരുമേനിക്ക് മാർച്ച് 27-ാം തീയതി എൺപതു വയസു തികയുകയാണ്. നിർണ്ണായകമായ ഒരു കാലഘട്ടത്തിൽ പരിശുദ്ധ സഭയെ നയിക്കുവാൻ ദൈവംതമ്പുരാൻ നിയോഗിച്ച ഈ മഹിതാചാര്യൻ ഇന്ന് മലങ്കരസഭാംഗങ്ങൾക്കു മാത്രമല്ല, അദ്ദേഹത്തെ അറിയുന്ന ആർക്കും ഒരു വിസ്മയം നിറഞ്ഞ ഇതിഹാസമായി മാറിയിരിക്കുന്നു.

പരിശുദ്ധ പിതാവിന് ദൈവം ദാനം ചെയ്തിട്ടുള്ള ബഹുമുഖപ്രതിഭ അദ്ദേഹത്തെ ഒരു യുഗപ്രഭാവനാക്കിക്കഴിഞ്ഞു. മലങ്കര ഓർത്തഡോക്സ് സഭയുടെ ആധുനിക ചരിത്രത്തിൽ ഒരു വിമോചകനും, സാരഥിയും, ശില്പിയും നല്ലയിടയനുമായി അദ്ദേഹം അവിസ്മരണീയനായിരിക്കയാണ്

മാറിമാറി വന്ന വിദേശ സഭാമേൽക്കോയ്മകളുമായുള്ള ഇണങ്ങിയും പിണങ്ങിയുമുള്ള ബന്ധത്തിന്റെ ചരിത്രമാണല്ലോ പതിനാറാം നൂററാണ്ടു മുതലുള്ള കേരളസഭാ ചരിത്രം. യാക്കോബായ സുറിയാനി പാത്രിയർക്കീസന്മാരുടെ അതിരുകവിഞ്ഞ അധികാരപ്രമത്തതയ്ക്ക് കടിഞ്ഞാണിടാൻ വട്ടശേരിൽ തിരുമേനിക്കു കഴിഞ്ഞുവെങ്കിൽ വൈദേശിക വിധേയത്വത്തിന് എന്നെന്നേയ്ക്കുമായി തിരശീലയിട്ട വിമോചകനാണ് പരിശുദ്ധ ബാവാ തിരുമേനി. അദ്ദേഹം കാതോലിക്കായായി സ്ഥാനാരോഹണം ചെയ്ത കാലഘട്ടം തികച്ചും അഗ്നിപരീക്ഷണങ്ങളുടെ കാലഘട്ടമായിരുന്നു.

### ഈ ലക്കത്തിൽ


* പ. ബാവാതിരുമേനിക്ക് ജന്മദിനാശംസകൾ
* കോനാട്ട് ഏബ്രഹാം മല്പാൻ നിര്യാതനായി
* ധ്യാനപംക്തി
* സംശയങ്ങൾ ചോദിക്കുക
* 'The Challenge of the Futre'
* അല്പത്തിന്റെ പ്രാധാന്യം
* നാലാം സുവിശേഷത്തിലൂടെ ഒരു തീർത്ഥയാത്ര
* പുസ്തകനിരൂപണം
* യേശുനാഥന്റെ പൂന്തോട്ടം
* മലങ്കര ഓർത്തഡോക്സ് സമാദിനം
* സമാചാരങ്ങൾ

നിരന്തരമായ ദൈവാശ്രയത്തോടും, സഭയോടുള്ള തീവ്രമായ സ്നേഹത്തോടുംകൂടി ദൈവസന്നിധിയിൽ മോശയെപ്പോലെ "പിളർപ്പിൽ" നിന്ന വിമോചകനെയാണ് പരി ശുദ്ധ പിതാവിൽ നാം ദർശിക്കുന്നത്.

വാഗ്ദത്ത നാടായ കനാനിലേക്ക് ഇസ്രായേലിനെ നയിച്ച സാരഥിയായിരുന്നു യോശുവാ. ദമസ്ക്കോസിലെ യാക്കോബായ സുറിയാനി പാത്രിയർക്കീസിന്റെ നിഴ ലിലും മലങ്കരയിലെ ശീമക്കാരുടെ മറവിലും മാത്രമേ മലങ്കരസഭയ്ക്ക് ശ്വാസം വിടാ നാവൂ എന്ന പതനത്തിൽനിന്ന്, മാർത്തോമ്മാശ്ലീഹായുടെ "പൈതൃകത്തിലുള്ള പുരാതന അപ്പോസ്തോലിക വ്യക്തിത്വത്തിലേക്ക് സഭയുടെ തേരുതെളിച്ച സാരഥിയാണ് പരിശുദ്ധ പിതാവ്". യോശുവായ്ക്ക് ലഭിച്ചതുപോലെ ദൈവിക സംരക്ഷണയുടെ വാഗ്ദത്തം അദ്ദേഹത്തിനും ലഭിച്ചു:

> "നിന്റെ ജീവകാലത്ത് ഒരിക്കലും ഒരു മനുഷ്യനും നിന്റെ നേരേ നില്ക്ക യില്ല; ഞാൻ മോശയോടുകൂടി ഇരുന്നതുപോലെ നിന്നോടുകൂടെയും ഇരി ക്കും; ഞാൻ നിന്നെ കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല" (യോശുവ 1:5).


സ്വതന്ത്രമായ ഒരു സഭയ്ക്ക് ദേശീയജീവിതധാരയിൽ വളരുവാൻ അടിമുടി ആവ ശ്യമായ ഒരു സംഗതിയാണ് സമഗ്രമായ ആസൂത്രണം. മലങ്കര ഓർത്തഡോക്സ് സഭ യ്ക്ക് ഭാരതത്തിൽ മാത്രമല്ല ലോകത്തിലെവിടെയു. അർത്ഥവത്തായ ക്രൈസ്തവ സാക്ഷ്യം നിർവ്വഹിക്കുവാൻ അനുരൂപമായ ആസൂത്രണത്തിന്റെ ശില്പിയാണ് പരിശുദ്ധ പിതാവ്. ഇന്ന് ലോകത്തിന്റെ വിവിധഭാഗങ്ങളിൽ, കിഴക്കും പടിഞ്ഞാ റും, മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ഭദ്രാസനങ്ങളും ഇടവകകളും ഉണ്ട്. ഈ കാതോ ലിക്കേറ്റിന്റെ കീഴിൽ, സഭയുടെ ഭരണഘടനയ്ക്ക് അനുസൃതമായി പ്രവർത്തിക്കും എന്നുറപ്പു വരുത്തിക്കൊണ്ട് "പാത്രിയർക്കീസ്"ന്മാരെപ്പോലും നിയമിക്കുവാൻ കെല്പുള്ളതായ ഒരു സംവിധാനമായി സഭ വളർന്നിട്ടുണ്ട് എന്നു കേൾക്കുമ്പോൾ അ തിൽ ഏറ്റവും സന്തോഷിക്കുന്നത് ഈ സമഗ്രമായ ആസൂത്രണത്തിന്റെ ശില്പിയായ പരിശുദ്ധ പിതാവായിരിക്കും. എന്നാൽ തന്റെ ഏറ്റവും വലിയ സന്തോഷം, സഭാംഗ ങ്ങൾ എവിടെയായിരുന്നാലും ആത്മീയ ഉണർവോടും, പരസ്പര സ്നേഹത്തോടും സാക്ഷ്യം നിർവ്വഹിക്കുക എന്നതാണെന്നു പരിശുദ്ധ പിതാവ് ആവർത്തിച്ച പറയാ റുണ്ട്.

അതുകൊണ്ടുതന്നെ ഒരു നല്ലയിടയൻ എന്നതിൽ കവിഞ്ഞ് ഒരു വിശേഷണവും പരിശുദ്ധ പിതാവ് പ്രധാനമായി കരുതുന്നുമില്ല. ഭരണനൈപുണ്യമോ ആസൂത്രണ വൈദഗ്ദ്ധ്യമോ അല്ല ഒരു സഭാതലവന്റെ അടിസ്ഥാനപരവും അവശ്യവുമായ യോഗ്യത. സഭയുടെ തലവൻ പ്രഥമവും പ്രധാനവുമായി ഇടയൻ ആണ്. അതുകൊ ണ്ടുതന്നെ വന്ദ്യ വയോധികനായ പരിശുദ്ധ പിതാവ് ഇപ്പോഴും ശ്രദ്ധവയ്ക്കുന്ന കാര്യം തന്റെ ആടുകളെ അന്വേഷിക്കുക എന്നുള്ളതാണ്. മുൻ വിധികളുടെയും, സ്വാർത്ഥ താല്പര്യങ്ങളുടെയും പേരിൽ തിരുമേനിയിൽ നിന്ന് അകന്നുപോയവർ പോലും, ആ ഇടയനിലെ ഹൃദയവിശാലതയും മാർദ്ദവത്വവും അടുത്തറിഞ്ഞപ്പോൾ നിർവ്യാജം അനുതപിച്ചടുത്തുവന്ന എത്രയെത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

സ്വയം വിലയിരുത്തുമ്പോൾ കോട്ടങ്ങളെല്ലാം തന്റേതും, നേട്ടങ്ങളെല്ലാം ദൈവകൃ പയാണെന്നും ആവർത്തിച്ചു പറയുന്ന പരിശുദ്ധ പിതാവ് കൂടുതൽ നേട്ടങ്ങളോടെ, കൂടു തൽ കാലം ആ സാക്ഷ്യം നിർവ്വഹിക്കാൻ ഇടയാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് മലങ്കരസഭയുടെ പരമാദ്ധ്യക്ഷനും പ്രധാന ഇടയനുമായ പരിശുദ്ധ പിതാവിന് 'മലങ്കരസഭ' ഭക്ത്യാദരപുരസരം ആശംസകൾ അർപ്പിക്കുന്നു.



# വൈദികട്രസ്റ്റി, മലങ്കരമല്പാൻ കോനാട്ട് ഏബ്രഹാം കത്തനാർ നിര്യാതനായി



ബ. അച്ചന്റെ പാവനസ്മരണയ്ക്കു മുമ്പിൽ "മലങ്കരസഭ"യുടെ ആദരാഞ്ജലികൾ

മലങ്കര ഓർത്തഡോക്സ് സഭാ വൈദികട്രസ്റ്റിയും മലങ്കര മല്പാനുമായിരുന്ന കോനാട്ട് ഏബ്രഹാം കത്തനാർ 1987 മാർച്ച് രണ്ടാം തീയതി രാവിലെ 6.30 ന് പാമ്പാക്കുട അദ്ദേഹത്തിന്റെ വസതിയിൽവച്ച് 79-ാമത്തെ വയസിൽ നിര്യാത നായി. ഏതാനും മാസങ്ങളായി ബ. അച്ചൻ വാർദ്ധക്യസഹജമായ രോഗംമൂലം ശയ്യാവലംബി യായിരുന്നു. രോഗിയായതിനെതുടർന്ന് അച്ചന്റെ ആഗ്രഹപ്രകാരം പ. കാതോലിക്കാബാവാ തിരു മനസുകൊണ്ട് ബ. അച്ചന് കന്തീലാ ശുശ്രൂഷ നടത്തുകയുണ്ടായി.

ബ. അച്ചന്റെ ചരമവാർത്ത അറിഞ്ഞ് വളരെ യധികം ആളുകളും പട്ടക്കാരും ഭവനത്തിൽ എത്തി അനുശോചനം രേഖപ്പെടുത്തി. യൂഹാനോൻ മാർ സേവേറിയോസ്, സ്തേഫാനോസ് മാർ തേവോ ദോസിയോസ്, ജോസഫ് മാർ പക്കോമിയോസ് എന്നീ തിരുമേനിമാർ ഭവനത്തിൽ എത്തി പ്രാർ ത്ഥന നടത്തി. 2-ാം തീയതി പകലും രാത്രിയി ലും വൈദികർ ബ. അച്ചന്റെ മൃതദേഹത്തിനടു ത്ത് പ്രാർത്ഥനകൾ നടത്തിക്കൊണ്ടിരുന്നു.

3-ാം തീയതി രാവിലെ 8 മണിക്ക് പ്രാർ ത്ഥനയ്ക്കുശേഷം മൃതദേഹം വഹിച്ചുകൊണ്ടുള്ള വിലാപയാത്ര അഞ്ചൽപെട്ടി കവലയിൽ അദ്ദേഹം പണികഴിപ്പിച്ച ചാപ്പൽവരെ പോയശേഷം അദ്ദേ ഹം സ്ഥാപിച്ച ഹൈസ്ക്കൂളിലും കുരിശിൻ തൊട്ടിയിലും പോയി യാത്രപറച്ചിൽ നടത്തി. അതിനുശേഷം 11½ മണിയോടുകൂടി ദീർഘനാൾ അദ്ദേഹം വികാരിയായിരുന്ന സ്വന്തം ഇടവകപള്ളി യായ പാമ്പാക്കുട വലിയപള്ളിയിൽ മൃതശരീരം കൊണ്ടുവന്നു. അപ്പോഴേക്കും പള്ളിയും പരിസര ങ്ങളും വൈദികരാലും ജനങ്ങളാലും തിങ്ങിനിറ ഞ്ഞിരുന്നു.

ദേവാലയത്തിൽവച്ച് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ തിരുമന സിലെ പ്രധാന കാർമ്മികത്വത്തിൽ ശവസംസ്കാര ശുശ്രൂഷകൾ നടത്തി. നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ്, ഡോ. പീലിപ്പോസ് മാർ തേയോഫിലോസ്, ജോസഫ് മാർ പക്കോമി യോസ്, പീലിപ്പോസ് മാർ യൗസേബിയോസ് എന്നീ തിരുമേനിമാരും; കോറെപ്പിസ്ക്കോപ്പാമാ രും; റമ്പാൻമാരും; വൈദികരും ശുശ്രൂഷയിൽ സംബന്ധിച്ചു.

ശുശ്രൂഷാമദ്ധ്യേ പ. കാതോലിക്കാബാവാ ചരമപ്രസംഗം നടത്തി. പ. പൗലൂസ് ശ്ലീഹാ യെപ്പോലെ 'പോർ പൊരുതി, ഓട്ടം തികച്ച്, വി ശ്വാസം കാത്ത്' കടന്നുപോയ ബ. കോനാട്ട് ഏബ്രഹാം മല്പാനച്ചൻ നീതിയുടെ കിരീടം പ്രാ പിക്കുന്നതിനായി നമ്മിൽനിന്നു വേർപ്പെട്ടിരിക്കു ന്നതിൽ നാം ദുഃഖിതരാകാതെ സന്തോഷിക്കുകയാ ണു വേണ്ടത് എന്നു കല്പിക്കുകയുണ്ടായി.

അദ്ദേഹം ആരാധനാഭാഷ മലയാളത്തിൽ ആക്കി സാധാരണക്കാർക്കു മനസ്സിലാകത്തക്കവണ്ണം ശുശ്രൂഷാക്രമങ്ങൾ പ്രസിദ്ധപ്പെടുത്തിയത് വലിയ ഒരു സേവനമാണ്. ഇന്ന് ഈ ശവസംസ്കാര ശുശ്രൂഷയിൽ അദ്ദേഹം തർജ്ജമ ചെയ്ത് സി. പി. ചാണ്ടിയെക്കൊണ്ട് ഗീതങ്ങളാക്കിയ പുസ്തകം ഉപയോഗിച്ചപ്പോൾ അദ്ദേഹത്തിന്റെ സേവനത്തെപ്പറ്റി നാം പ്രത്യേകം സ്മരിച്ചു എന്നു ബാവാ തിരുമേനി പറയുകയും കോനാട്ട് കുടുംബം സഭയ്ക്കു ചെയ്തിട്ടുള്ള സേവനങ്ങളെ വിലയിരുത്തുകയും ചെയ്തു. ഏബ്രഹാം അച്ചന്റെ മകൻ ജോൺസൺ അച്ചനും ആ പാരമ്പര്യം തുടരുന്നു എന്നും അദ്ദേഹം സുറിയാനിഭാഷ വിദേശങ്ങളിൽപോയി പഠിച്ച് ബിരുദം നേടി ഇപ്പോൾ വൈദിക സെമിനാരിയിൽ അദ്ധ്യാപകനാണെന്നും അദ്ദേഹം സുറിയാനിയിൽ ഒരു ഡോക്ടറേറ്റു ബിരുദംകൂടി സമ്പാദിച്ചുകാണാൻ ആഗ്രഹിക്കുന്നുവെന്നും പ. ബാവാ കല്പിക്കുകയും പരേതനായ കോനാട്ട് ഏബ്രഹാം അച്ചന്റെ ആത്മാവിനു വേണ്ടിയും കുടുംബാംഗങ്ങളുടെ സമാധാനത്തിനും ഐശ്വര്യത്തിനും വേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കുന്നു എന്നും പ്രസ്താവിക്കുകയും ചെയ്തു.

ശുശ്രൂഷയുടെ അവസാനത്തിൽ ബ. അച്ചൻ ശുശ്രൂഷിച്ച വി. മദ്ബഹായോടും ദേവാലയത്തോടും സഹോദര വൈദികരോടും ഇടവകയോടും നാടിനോടും ഉള്ള യാത്രപറച്ചിൽ കഴിഞ്ഞശേഷം കോനാട്ട് കുടുംബം വകയായുള്ള പ്രത്യേക കല്ലറയിൽ പാമ്പാക്കുട മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെയും, കോനാട്ട് മാത്തൻ മല്പാന്റെയും കബറിടത്തിനടുത്തായി ഏബ്രഹാം മല്പാനച്ചന്റെയും മൃതദേഹം സംസ്കരിച്ചു.

## ജീവചരിത്ര സംഗ്രഹം

മല്പാൻ ഫാ. ഏബ്രഹാം കോനാട്ട് സുറിയാനി പണ്ഡിതനും മുൻ സമുദായ ട്രസ്റ്റിയുമായിരുന്ന മലങ്കര മല്പാൻ പാമ്പാക്കുട മാത്തൻ കോറെപ്പിസ്കോപ്പായുടെ പുത്രനായി 1908–ൽ ജനിച്ചു. പിതാവിനെപ്പോലെ സുറിയാനി പണ്ഡിതനായ ഇദ്ദേഹം ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെ ശിഷ്യനായി സുറിയാനി പഠിച്ച് അദ്ദേഹത്തിൽനിന്ന് വൈദികപട്ടം സ്വീകരിച്ചു. അന്നുമുതൽ അദ്ദേഹം പാമ്പാക്കുട വലിയ പള്ളി വികാരിയായി സേവനമനുഷ്ഠിച്ചു.

സഭാസംബന്ധമായ മിക്ക ആരാധനാക്രമങ്ങളും, കാനോൻ പുസ്തകവും മററും മലയാളത്തിലേക്ക് അദ്ദേഹം പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒട്ടേറെ പുസ്തകങ്ങളുടെ കർത്താവായ അച്ചന്റെ പ്രധാന ഗ്രന്ഥം സുവിശേഷവ്യാഖ്യാനമാണ്.

സഭാ മാനേജിംഗ് കമ്മററിയംഗം, വർക്കിംഗ് കമ്മററിയംഗം, കണ്ടനാട് ഭദ്രാസന സെക്രട്ടറി, പാമ്പാക്കുട എം. ടി. എം. ഹൈസ്കൂൾ മാനേജർ, ബി. ഡി. സീ. ചെയർമാൻ, സെറാമ്പൂർ യൂണിവേഴ്സിററിയുടെ സുറിയാനി ബോർഡ് ഓഫ് സ്ററഡീസ് മെമ്പർ തുടങ്ങി ഒട്ടേറെ സ്ഥാനങ്ങൾ വഹിക്കുന്ന അദ്ദേഹത്തിന് 1963-ൽ പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ മലങ്കര മല്പാൻ സ്ഥാനവും, സ്വർണ്ണമെഡലും നൽകിയാദരിച്ചു.

1982 ഡിസംബർ 28–ാം തീയതി തിരുവല്ല എം. ജി. എം. ഹൈസ്കൂൾ മൈതാനത്തു ചേർന്ന മലങ്കര അസോസ്യേഷൻ ബ. അച്ചനെ മലങ്കര ഓർത്തഡോക്സ് സഭയുടെ വൈദികട്രസ്ററിയായി ഐകകണ്ഠ്യേന തിരഞ്ഞെടുത്തു. നീണ്ട പതിനെട്ടു വർഷക്കാലം അദ്ദേഹം പാമ്പാക്കുട പഞ്ചായത്തു പ്രസിഡന്റായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായും കണ്ടനാട് മെത്രാസനവും കാതോലിക്കേററ് സ്വീകരിച്ചതു മുതൽ ബ. ഏബ്രഹാം അച്ചൻ കാതോലിക്കാ കക്ഷിയിൽ ഉറച്ചുനിൽക്കുകയും മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി മരണംവരെ ധീരതയോടെ പോരാടുകയും ചെയ്തു. മലങ്കരസഭാ സ്വാതന്ത്ര്യത്തെപ്പററിയും കാതോലിക്കാ സിംഹാസനത്തിന്റെ സാധുതയെപ്പററിയും മററും ആധികാരികമായി ബ അച്ചൻ എഴുതിയിട്ടുള്ള ലേഖനങ്ങൾ വിലപ്പെട്ടതാണ്.

—ഃ—

## ബൈബിൾപഠനം

സ്ഥലപരിമിതിമൂലം ബൈബിൾ പഠനം ഈ ലക്കത്തിൽ ചേർക്കാൻ സാധിക്കാതെ വന്നതിൽ ഖേദിക്കുന്നു. (പ.)



ധ്യാന പംക്തി

# ആത്മനിക്ഷേപം

MCK

### നമസ്കാരം—അഥവാ സ്വർഗ്ഗത്തിന്റെ താക്കോൽ

മനുഷ്യന് ഇതരസൃഷ്ടികളെ അപേക്ഷിച്ചുള്ള മഹിമ എന്താണ്? അവനിൽ നാശമില്ലാത്ത ഒരു അത്മാവു സ്ഥിതി ചെയ്യുന്നു. ആകയാൽ ആത്മാവുള്ള മനുഷ്യന് ആത്മാവായ ദൈവത്തെ അറിയുവാനും സ്നേഹിപ്പാനും തന്മൂലം ആ ദൈവവുമായി സംസർഗ്ഗം ചെയ്യുവാനും കഴിവുണ്ട്. മനുഷ്യൻ ദൈവവുമായി നടത്തുന്ന സംസർഗ്ഗമത്രേ നമസ്കാരം.

### നമസ്കാരം എന്നാൽ എന്ത്?

നമസ്കാരം എന്നതു സൃഷ്ടിയായ മനുഷ്യൻ സ്രഷ്ടാവായ ദൈവവുമായി നടത്തുന്ന ആത്മീയ സംസർഗ്ഗമാകുന്നു. നമസ്കാരം എന്നതു നമുക്കു ദൈവത്തിങ്കലേക്കു കരേറുന്നതിനു സ്വർഗത്തെ തുറക്കുന്നതിനുള്ള താക്കോൽ ആകുന്നു. നമസ്കാരം വിശ്വാസത്തിന്റെ കോട്ടയും നമ്മെ വിഴുങ്ങുവാനായി അലറി നടക്കുന്ന പിശാചിനെതിരായുള്ള പരിചയും ആയുധവും ആകുന്നു. നമസ്ക്കാരം എന്ന പദത്താൽ പ്രാർത്ഥന മാത്രമല്ല ഉദ്ദേശിക്കപ്പെടുന്നത്. എന്നാലോ പ്രാർത്ഥനയ്ക്കു വേണ്ടിയതും പ്രാർത്ഥനയ്ക്ക ആദ്യാവസാനം ഉണ്ടായിരിക്കേണ്ടതും ആദരപൂർവമായ ശാരീരിക നിലയും ക്രിയകളും കൂടെയത്രെ. കിഴക്കോട്ടു മുഖമായി നിൽക്കുക, കുരിശു വരച്ചു വണങ്ങുകയോ കുമ്പിടുകയോ ചെയ്യുക, ഉപകാരസ്മരണ—അഥവാ കൃതജ്ഞത – സമർപ്പിക്കുക എന്നിവയൊക്കെയും പ്രാർത്ഥനയോടുകൂടെ നമസ്കാരത്തിൽ ഉൾപ്പെടുന്നു. നമസ്കരിക്കുന്നതിനുള്ള നൽവരം സകല മനുഷ്യർക്കും നൽകപ്പെട്ടിട്ടുണ്ട്. ആ നൽവരം ഉപയോഗിക്കാത്ത മനുഷ്യൻ മൃഗങ്ങളെക്കാൾ ഒട്ടും മെച്ചമല്ല. ദൈവത്തിങ്കലേക്കു ഹൃദയത്തെ ഉയർത്താത്ത മനുഷ്യന് ആടുമാടുകളെക്കാൾ വല്ല മഹിമയും ഉണ്ടോ എന്ന് ഒരു ഭക്തൻ എഴുതിയിട്ടുണ്ട് വിശ്വാസത്തോടുകൂടിയ നമസ്കാരത്തിനു സാധിപ്പാൻ കഴിയാത്തതായി യാതൊന്നും ഇല്ല. ഈ ലോകം സാധാരണയായി നിരൂപിക്കുന്നതിൽ വളരെ കൂടുതൽ കാര്യങ്ങൾ പ്രാർത്ഥനമൂലം നിറവേറുന്നുണ്ട്.

### പ്രാർത്ഥന എന്തിനോട് ഉപമിക്കപ്പെട്ടിരിക്കുന്നു?

പ്രാർത്ഥന സുഗന്ധധൂപം പോലെ അതു ദൈവത്തിങ്കലേക്കു കരേറുന്നു; പരിമളവാസന പോലെ അതു ദൈവത്തിനു പ്രസാദകരവുമാകുന്നു. ധൂപവർഗ്ഗത്തിന്റെ പുക പരിശുദ്ധന്മാരുടെ പ്രാർത്ഥനകളോടുകൂടെ ദൈവത്തിങ്കലേക്കു കരേറുന്നതായി യോഹന്നാൻ ശ്ലീഹാ സാക്ഷിച്ചിട്ടുണ്ട്. (വെ: 8: 4) പഴയനിയമകാലത്ത് കൃപാസനത്തിൻമുമ്പാകെ സന്ധ്യയ്ക്കും രാവിലെയും സുഗന്ധധൂപം അർപ്പിക്കുക പതിവായിരുന്നു. ദൈവമക്കളുടെ ആരാധനാപൂർവ്വമായ പ്രാർത്ഥന സുഗന്ധധൂപത്തോടുകൂടെ കരേറുന്നു എന്ന് അതു സൂചിപ്പിച്ചിരിക്കുന്നു. നമസ്കാരം കേൾപ്പാൻ സ്വർഗ്ഗം കാംക്ഷിക്കുന്നു. എന്നാൽ പിതാവായ ദൈവത്തിന് എത്രയും പ്രസാദകരമായ മഹിമയേറിയ നമസ്കാരത്തെ പല മനുഷ്യരും അവഗണിക്കുന്നത് എത്രയും പരിതാപകരമാകുന്നു.

### ആരെല്ലാം പ്രാർത്ഥിക്കണം?

എല്ലാവരുംതന്നെ നമസ്കരിക്കണം: എല്ലാവരും തന്നെ പ്രാർത്ഥനാജീവിതം ഉള്ളവരായിരക്കണം. പ്രാർത്ഥിപ്പാനായി ദേവാലയത്തിലേക്കു കരേറിപ്പോയ പരീശന്റെയും ചുങ്കക്കാരന്റെയും ഉപമ നമ്മുടെ കർത്താവ് അരുളിച്ചെയ്തത് എല്ലാ മനുഷ്യരും എപ്പോഴും പ്രാർത്ഥിക്കണമെന്നും ഒരിക്കലും നിരാശപ്പെട്ടു പോകരുതെന്നും വിശദമാക്കുവായിരുന്നുവല്ലോ. എല്ലായിടത്തും എല്ലാ മനുഷ്യരും വിശുദ്ധ കൈകൾ ഉയർത്തി പ്രാർത്ഥിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു എന്നാകുന്നുവല്ലോ മാർ പൗലൂസ് ശ്ലീഹാ എഴുതിയിട്ടുള്ളതും. ആരെങ്കിലും പ്രാർത്ഥന പരിത്യജിച്ചാൽ സാത്താൻ അവനെ സമീപിക്കും. അവനിൽ പ്രവേശിക്കും. ക്രൈസ്തവജീവിതത്തിൽ അവനെ അധൈര്യപ്പെടുത്തി പിന്തിരിക്കും. നമസ്കാരകനെ പിശാചിനു ഭയമാണ്

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



P. A. Eapen & Family, Poona-20



### എങ്ങനെ പ്രാർത്ഥിക്കണം?

നീ പ്രാർത്ഥിപ്പാൻ നിൽക്കുമ്പോൾ നിന്റെ വിചാരങ്ങൾക്കു കടിഞ്ഞാൺ ഇടുക; അവയെ ദൈവത്തിങ്കലേക്കു കേന്ദ്രീകരിക്കുക, സന്നിധിബോധത്തോടെ—ദൈവ സാന്നിദ്ധ്യ ബോധത്തോടെ—പ്രാർത്ഥിക്കുക. കർത്താവിന്റെ നാമം പരിശുദ്ധവും ഭയങ്കരവും ആകുന്നു (സങ്കീ. 111: 9). ആകയാൽ ആ നാമത്തിനനുയോജ്യമായ ആദരവോടെ പ്രാർത്ഥിക്കണം. മിശിഹാ സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ പടിഞ്ഞാറോട്ടും ശ്ലീഹന്മാർ കിഴക്കോട്ടും തിരിഞ്ഞുനിന്നതിനാലും, നിങ്ങളെ വിട്ടു സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്കു പോകുന്നതായി നിങ്ങൾ കണ്ടതു പോലെ തന്നെ അവൻ വീണ്ടും വരും എന്നു മാലാഖമാർ പറഞ്ഞതിനാലും ക്രിസ്തുവിന്റെ പുനരാഗമനത്തിനുവേണ്ടി നോക്കിപ്പാർത്തുകൊണ്ടെന്ന പ്രകാരം ഭക്തിപൂർവം കിഴക്കോട്ടു തിരിഞ്ഞുനിന്നു പ്രാർത്ഥിക്കണം എന്നത്രെ നമ്മുടെ നിയമം. ഭിക്ഷുക്കൾക്കു ധനവാന്മാരെക്കൊണ്ടെന്ന പ്രകാരം നമുക്ക് ദൈവത്തെക്കൊണ്ട് ആവശ്യമുണ്ട്. നമ്മൾ അവരെപ്പോലെയുള്ള അഗതികൾ ആകുന്നു എന്ന ബോധം നമുക്ക് ആഴമായി ഉണ്ടായിരിക്കണം. ''ദാഹിച്ചിരിക്കുന്നേടത്തു ഞാൻ വെള്ളവും വരണ്ട നിലത്തു നീരൊഴുക്കും പകരും''. (യെശ. 44:3.) ആകയാൽ ദാഹിച്ചും വരണ്ടും വെള്ളത്തിനായി ആഗ്രഹിച്ചിരിക്കുന്ന ഭൂമിയെപ്പോലെ നമ്മൾ ദൈവത്തെ സമീപിക്കണം. മാൻ നീർത്തോടുകളിലേക്കു ചെല്ലുവാൻ കാംക്ഷിക്കുന്നതുപോലെ നമ്മൾ ദൈവത്തിങ്കലേക്കു സമീപിക്കണം. പ്രാർത്ഥന രണ്ടു വിധമുണ്ടെന്നു പറയാം. പൊതുപ്രാർത്ഥനയും രഹസ്യപ്രാർത്ഥനയും. രണ്ടിനും മേൽ പ്രസ്താവിച്ചവ ആവശ്യമത്രെ പൊതുപ്രാർത്ഥന ഭവനങ്ങളിൽ കുടുംബാംഗങ്ങൾ ഒരുമിച്ചും പള്ളികളിൽ വിശ്വാസികൾ കൂടിയും പരസ്യമായി നടത്തുന്നു. എന്നാൽ രഹസ്യപ്രാർത്ഥന ഓരോ വ്യക്തി തനിച്ചത്രെ നടത്തുന്നത്. നീ പ്രാർത്ഥിക്കുമ്പോൾ അറയിൽ പ്രവേശിച്ചു വാതിൽ അടച്ച് രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർത്ഥിക്കുക. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിനക്കു പ്രതിഫലം തരും.

### എപ്പോൾ പ്രാർത്ഥിക്കണം

നിങ്ങൾ പരീക്ഷയിൽ അകപ്പെടാതിരിക്കുവാൻ ജാഗരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്‌വിൻ. (മത്താ. 26:41.) ഇടവിടാതെ പ്രാർത്ഥിപ്പിൻ (1 തെ. 5:17,) പ്രാർത്ഥനയിൽ ഉററിരിപ്പിൻ. (കൊ. 4:5) നിങ്ങൾ സുബോധമുള്ളവരായുമിരിപ്പീൻ. (1 പത്രോ. 4:7) വിശ്വാസികൾ എപ്പോഴും തന്നെ പ്രാർത്ഥനയുടെ ആത്മാവിൽ—ദൈവസാന്നിധ്യബോധത്തോടെ ജീവിക്കേണ്ടതാകുന്നു. എന്നാൽ പ്രാർത്ഥനയ്ക്ക് പ്രത്യേക സമയങ്ങളും ആവശ്യമത്രെ. എന്തെന്നാൽ ചിലപ്പോഴെങ്കിലും പ്രാർത്ഥിക്കാത്തവൻ ഒരിക്കലും പ്രാർത്ഥിക്കുകയില്ല. അവൻ പ്രാർത്ഥനാജീവിതമില്ലാത്തവനായി നശിച്ചുപോകും. ക്രിസ്ത്യാനികൾ പ്രാർത്ഥന ഇല്ലാത്തവരായി വേറിക്കുന്നത് എത്രയോ കഷ്ടമാണ്. ആകയാൽ ചില പ്രത്യേക യാമങ്ങൾ പ്രാർത്ഥനയ്ക്കായി വിശ്വാസികൾ ഉപയോഗിക്കണം എന്നു സഭ നിർദ്ദേശിക്കുന്നു. ചിലർ ദാവീദിനെപ്പോലെ ദിവസം ഏഴു പ്രാവശ്യം പ്രാർത്ഥിക്കുന്നു. ചിലർ ദാനീയേലിനെപ്പോലെ ദിവസം മൂന്നു പ്രാവശ്യം നമസ്കരിക്കുന്നു. രണ്ടുനേരമെങ്കിലും പ്രാർത്ഥിക്കുക എന്നത് യാതൊരുവനും ഒഴിച്ചുകൂടാത്തതാകുന്നു. പ്രാർത്ഥനാസമയത്തെ കർത്താവിന്റെ ദിവസം പോലെ പരിശുദ്ധമായി നാം കരുതണം. ആ സമയം നമ്മുടെ സൗകര്യാനുസരണമോ ഇഷ്ടാനുസരണമോ നാം മാററിക്കൂടാത്തതാകുന്നു.

### എന്തെല്ലാം കാര്യങ്ങൾക്കായി നാം പ്രാർത്ഥിക്കണം

എന്തെല്ലാം കാര്യങ്ങൾക്കായി നാം പ്രാർത്ഥിക്കണം? ഒരു ബാലൻ പിതാവിനോടു കത്തി ചോദിച്ചാൽ പിതാവു അത് അവനു നൽകുമോ? ഒരു ബാലിക മാതാവിനോടു തീക്കനൽ ചോദിച്ചാൽ മാതാവ് അവൾക്കു കൊടുക്കുമോ? കത്തിയും തീക്കനലും അപകടകരമാണെന്ന് ആ കുട്ടികൾ അറിയുന്നില്ല.. എന്നാൽ മാതാപിതാക്കന്മാർ അറിയുന്നു. അപ്രകാരം തന്നെ നമുക്ക് അപകടകരമായ കാര്യങ്ങൾ ഉണ്ട്. ആ വസ്തുത നാം അറിയാതെ അവയ്ക്കുവേണ്ടി നാം പ്രാർത്ഥിക്കുന്നുണ്ടായിരിക്കാം. അവയ്ക്കു മറുപടി കിട്ടാതിരുന്നാൽ നമുക്കു നിരാശ തോന്നിയേക്കാം എന്റെ ഇഷ്ടമല്ല. നിന്റെ ഇഷ്ടം നടക്കട്ടെ എന്നതായിരിക്കണം നമ്മുടെ മനോഭാവം. നമ്മുടെ ഇഷ്ടത്തിനു ദൈവത്തെ കുനിക്കുക എന്നതല്ല പ്രാർത്ഥനയുടെ ഉദ്ദേശം, പിന്നെയോ നമ്മെത്തന്നെ ദൈവത്തിങ്കലേക്ക് ഉയർത്തുക എന്നതത്രെ. ആററിൽ കിടക്കുന്ന ഒരു വള്ളത്തിൽ നിന്നുകൊണ്ട്

ഗ്രീക്കു വാക്കിന്റെ തർജ്ജമയാണ് വിശുദ്ധന്മാർ എന്നത്. ലോകത്തിൽനിന്നു ദൈവത്തിനായി വേർതിരിക്കപ്പെട്ടവർ എന്ന് അർത്ഥം.

4) 'പാപമോചനത്തിനുള്ള മാമോദീസാ ഒന്നു മാത്രം' മററു കൂദാശകളിൽ പാപമോചനമില്ലേ?

'ഒരിക്കൽ മാത്രം' എന്നു തർജ്ജമ ചെയ്താൽ ഈ തെററായ ധാരണ മാററാം. മാമോദീസാ ആവർത്തിക്കപ്പെടരുത് (എഫെ. 4: 4, 5). എല്ലാ കൂദാശകളിലും പാപമോചനമുണ്ട്. ഇല്ല എന്ന് ഇവിടെ സൂചനയില്ല.

5) കൂദാശകൾ വേർതിരിച്ചെഴുതിയതാര്?
(സഖറിയ പനക്കാമററം, ഫരീദാബാദ്)

ഏഴ് കൂദാശകൾ എന്ന് തീരുമാനിച്ചത് റോമൻ കത്തോലിക്കരുടെ 16-ാം നൂററാണ്ടിലെ Trent Council ആണ്. അതിനുമുമ്പ് കൂദാശകൾ ഏഴായും (Peter Lombard) മുപ്പതായും (Hugh of St. Victor) വേർതിരിച്ചിട്ടുണ്ട്. ഓർത്തഡോക്സ് വിശ്വാസപ്രകാരം ഏഴു കൂദാശകൾ കൂടാതെ വീട്ടു കൂദാശ, കുരിശുകൂദാശ, മൂറോൻകൂദാശ എന്നിങ്ങനെ പലതും ഉണ്ട്.

6) പൗലോസ് ശ്ലീഹായുടെ ആദ്യലേഖനം ഏതാണ്?

ഗലാത്യലേഖനമാണ് ആദ്യത്തേതെന്ന് വാദിക്കുന്നവരുണ്ട്. തെസ്സലോനിക്യരുമാകാം. തീയതി ഖണ്ഡിതമായി പറഞ്ഞിട്ടില്ലല്ലോ.

7) പൗലോസിന്റെ ഒന്നാം മിഷണറിയാത്ര എന്നായിരുന്നു?

എ. ഡി. 49-ൽ ആകാം. മററഭിപ്രായങ്ങളും ഉണ്ട്. രണ്ടും മൂന്നും മിഷണറിയാത്രയെക്കുറിച്ചും പണ്ഡിതന്മാർ പല അഭിപ്രായങ്ങൾ പറയുന്നു.

8) കുസ്തന്തീനോസ് ചക്രവർത്തി ക്രിസ്ത്യാനിയായത് എന്നാണ്?

എ. ഡി. 313-ൽ.

9) ആദ്യത്തെ സുവിശേഷം ഏത്?

വി. മാർക്കോസിന്റേത്.

10) നിഖ്യാ സുന്നഹദോസിന്റെ അദ്ധ്യക്ഷൻ ആരായിരുന്നു?

പലരും അദ്ധ്യക്ഷം വഹിച്ചു. ഒന്ന് ഒസ്ത്യാത്യോസ് എന്ന പിതാവായിരുന്നു. 325-ൽ വിളിച്ചുകൂട്ടിയത് കുസ്തന്തീനോസ് ചക്രവർത്തിയുടെ താല്പര്യപ്രകാരമായിരുന്നു. ഡേററുകളും മററു വിശദീകരണങ്ങളും സഭാചരിത്ര പുസ്തകങ്ങളിൽ നോക്കി പഠിക്കുക.

11) കാരാഗ്രഹലേഖനങ്ങൾ ഏതെല്ലാം?

റോമർ, എഫെസ്യർ, ഫിലിപ്യർ, ഫിലെമോൻ.

12) സന്തോഷത്തിന്റെ ലേഖനം ഏതാണ്?

ഫിലിപ്യർ.

13) നമുക്ക് എത്ര മെത്രാസനങ്ങൾ ഉണ്ട്.

ജോബ്, പഴഞ്ഞി

20 ഭദ്രാസനങ്ങൾ ഉണ്ട്. കഴിഞ്ഞ ലക്കം മാസികയിൽ 19 എന്നു ചേർത്തിരുന്നത് തെററാണ്.

രോഗശാന്തിക്ക്



ഏലിസബേത്ത് ജോർജ്, ഭോപ്പാൽ



# "The Challenge of the Future" (ii)

## Malankara Orthodox Church Education and Social Service Society

### സൊസൈററിക്കുള്ള പ്രത്യേക സൗകര്യങ്ങൾ

വിദ്യാഭ്യാസ സ്ഥാപനങ്ങൾ രൂപപ്പെടുത്തുന്നതിനും ഭരിക്കുന്നതിനും ഇന്ത്യൻ ഭരണഘടനയുടെ 25 – 30 വരെയുള്ള വകുപ്പുകൾ ന്യൂനപക്ഷ സംഘടനയ്ക്ക് ഉറപ്പുകൊടുത്തിട്ടുള്ള എല്ലാ സംരക്ഷണവും ഈ സൊസൈററിക്ക് സിദ്ധിക്കുന്നതാണ്.

### വിഭവാവശ്യങ്ങൾ

പൂർണ്ണമായി വികസിച്ച ഒരു എൻജിനീയറിംഗ് കോളേജ് സ്ഥാപിക്കുന്നതിന് അതിന്റെ 5 വർഷക്കാലത്തെ വളർച്ചക്കിടയിൽ ചെലവാക്കേണ്ടിവരുന്ന തുക ഏതാണ്ട് 3 കോടി രൂപയാണ്. അതിൽ 50 ലക്ഷം രൂപ തുടക്കത്തിൽതന്നെ മുടക്കേണ്ടതായി വരും. കോളേജ് സ്ഥാപിക്കാനുള്ള 100 ഏക്കറോ 150 ഏക്കറോ സ്ഥലം സമ്പാദിച്ചുകഴിഞ്ഞാൽ പിന്നെ സ്ഥാപനത്തിനുവേണ്ടി കൊമേഴ്സ്യൽ ബാങ്കുകളിൽനിന്നും കടം തരുന്ന മററു ബാങ്കുകളിൽനിന്നും ഹ്രസ്വകാല വായ്പയായും ദീർഘകാല വായ്പയായും ആവശ്യത്തിനുള്ള തുക കടം വാങ്ങാവുന്നതാണ്. ഇതിനുപുറമെ സൊസൈററിയിൽനിന്നും ലഭിക്കുന്ന ആദായവും സ്ഥാപനത്തിനുവേണ്ടി ചെലവഴിക്കാവുന്നതാണ്. പ്രതിഭാശാലികളായ കുട്ടികളെ പരിശീലിപ്പിക്കുന്നതിനായി സ്ഥാപിക്കുന്ന പബ്ളിക് സ്ക്കൂളിൽ 5 വർഷത്തിനകം ഒരു കോടി രൂപ ചെലവിടേണ്ടിവരും. ഇതിൽ 25 ലക്ഷം രൂപ ആദ്യത്തെ വർഷംതന്നെ ചെലവിടേണ്ടിവരും. ഏതെങ്കിലും അനുയോജ്യമായ സ്ഥലത്ത് 25 ഏക്കർ സ്ഥലം വാങ്ങേണ്ടതുണ്ട്. ബാക്കിയുള്ള തുക കൊമേഴ്സ്യൽ ബാങ്കുകളിൽനിന്നോ ക്രഡിററ് ബാങ്കുകളിൽനിന്നോ 5 വർഷത്തെ ഹ്രസ്വകാല വായ്പയായോ 12 വർഷത്തെ ദീർഘകാല വായ്പയായോ വാങ്ങാവുന്നതാണ്. മാത്രമല്ല വാർഷിക ആദായത്തിൽനിന്നും ഒരുഭാഗം ഇതിനുവേണ്ടി നീക്കിവയ്ക്കാവുന്നതുമാണ്.

ഗ്രാമീണ വികസന പരിപാടികൾ നടപ്പാക്കുന്നതിന് സൊസൈററിയുടെ സാമ്പത്തിക വ്യയം താരതമ്യേന നിസാരമായിരിക്കും. എങ്കിലും അനുഭവസമ്പന്നരായ വിദഗ്ദർ നയിക്കുന്ന അനുയോജ്യമായ ഒരു ഓഫീസ് മുൻകൂട്ടി സംവിധാനം ചെയ്തേ മതിയാവു.

അങ്ങനെ എല്ലാംകൂടി നോക്കുമ്പോൾ പ്രാരംഭചെലവിലേക്ക് സൊസൈററിക്ക് 80 ലക്ഷം രൂപ വേണ്ടിവരും. ഈ തുക എങ്ങിനെയാണ് കണ്ടെത്തുക? ഈ സൊസൈററിയുടെ ഉദ്ദേശലക്ഷ്യങ്ങളോട് പൂർണ്ണമായി യോജിക്കുന്ന അംഗങ്ങളിൽനിന്നും സൊസൈററി ഓഹരിസംഖ്യ സ്വീകരിച്ച് ഈ തുക കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്.

ഈ സൊസൈററിക്ക് രണ്ടു തരത്തിലുള്ള അംഗങ്ങൾ ഉണ്ടായിരിക്കും – വ്യക്തികളും സ്ഥാപനങ്ങളും.

### A. വ്യക്തികൾ

സൊസൈററിയുടെ ലക്ഷ്യങ്ങളോട് യോജിക്കുന്ന മലങ്കരസഭയിലെ 21 വയസോ അതിൽകൂടുതലോ പ്രായമുള്ള ഏതൊരു പുരുഷനും സ്ത്രീക്കും ഈ സൊസൈററിയുടെ അംഗമാകാവുന്നതാണ്. അങ്ങനെ ചേരുന്ന ഓരോ അംഗവും പ്രവേശനഫീസായി 20 രൂപയും അംഗത്തിന്റെ ഓഹരിവിഹിതമായി 1000 രൂപയും നൽകിയിരിക്കണം. ആവുന്നതും ഈ തുക ഒരു ഗഡുവായി കൊടുക്കേണ്ടതാണ്. സാമ്പത്തിക സൗകര്യം കുറവുള്ളവർക്കുവേണ്ടി (അംഗസംഖ്യയിൽ 50% ത്തിന്) നാലു ഗഡുക്കളായി ഓഹരി നൽകാനുള്ള ആനുകൂല്യം ലഭിക്കുന്നതാണ്

### B. സ്ഥാപനങ്ങൾ

മലങ്കരസഭയും സഭയുടെ ഇടവകകളും അംഗീകരിക്കുന്നതും വിദ്യാഭ്യാസം, ആരോഗ്യം, ആദ്ധ്യാത്മിക സുവിശേഷം, ആശ്രമം എന്നിങ്ങനെയുള്ള വിവിധ മേഖലകളിൽ വർത്തിക്കുന്നതുമായ മൂന്നു വർഷത്തെ നിലനിൽപ്പെങ്കിലുമുള്ള ഏതൊരു സ്ഥാപനത്തിനും ഈ സൊസൈററിയുടെ വിശ്വാസ ലക്ഷ്യങ്ങൾ സ്വീകാര്യമാണെങ്കിൽ സൊസൈററിയിലെ അംഗമാകാവുന്നതാണ്. ഇങ്ങനെയുള്ള സ്ഥാപനം പ്രവേശനഫീസായി 20 രൂപ നൽകണം. ആവുന്നതും ഒരു ഗഡുവായിത്തന്നെ ഓഹരി

വിഹിതമായ 2000 രൂപയും കൊടുക്കണം. പക്ഷേ വ്യക്തികൾക്കെന്നപോലെ സ്ഥാപനങ്ങൾക്കും സാമ്പത്തിക സൗകര്യമില്ലെങ്കിൽ തുക നാലു ഗഡുക്കളായി കൊടുത്താൽ മതിയാകുന്നതാണ്.

### വോട്ടു ചെയ്യുവാനുള്ള അവകാശങ്ങൾ

സൊസൈറ്റിയിൽ വ്യക്തി ആയാലും സ്ഥാപനമായാലും ഒരു വ്യക്തിക്ക് ഒരു വോട്ടു മാത്രമേ ഉണ്ടായിരിക്കുകയുള്ളു. ഇതിന്റെ പ്രവർത്തനം പരിപൂർണ്ണമായ ജനാധിപത്യ രീതിയിലായിരിക്കും.

### അംഗങ്ങളെ ചേർക്കണം

സൊസൈറ്റിയെ മേൽ സൂചിപ്പിച്ച പ്രകാരമുള്ള പ്രവർത്തനത്തിന് സജ്ജമാക്കണമെങ്കിൽ വ്യക്തികളേയും സ്ഥാപനങ്ങളേയും അംഗങ്ങളാക്കാൻ ബോധപൂർവ്വം ശ്രമിച്ചേ മതിയാവൂ. വ്യക്തികളായ അംഗങ്ങളിൽ 50 ശതമാനം ഒററ ഗഡുവായും മററുള്ളവർ 4 ഗഡുക്കളായും ഓഹരിസംഖ്യ നൽകേണ്ടതാണ്. 1250 സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ അവയിൽ 1000 സ്ഥാപനങ്ങൾ ഓഹരിസംഖ്യ ഒരു ഗഡുവായി നൽകണം. ബാക്കി 250 സ്ഥാപനങ്ങൾ ഓഹരി നാലു ഗഡുക്കളായി കൊടുത്താൽ മതി.

ഈ പ്രോഗ്രാം അനുസരിച്ചുള്ള പ്രതീക്ഷയനുസരിച്ച് 4 വർഷത്തിനകം സൊസൈററിക്കുള്ള ആകെയുള്ള ആസ്തി 229.25 ലക്ഷമാകും. ആദ്യവർഷംതന്നെ ആസ്തി 146.25 ലക്ഷമായിരിക്കും.

സർവരുടേയും ഹൃദയംതുറന്ന സഹകരണംമൂലം ഈ പരിപാടി 12 മാസത്തിനകം നടപ്പാക്കാമെന്നാണ് പ്രതീക്ഷ. ലഭിച്ചിരിക്കുന്ന മാനുഷികവും ഭൗതികവുമായ വിഭവങ്ങളുടെ പരിധിയിൽ നിന്നുകൊണ്ട് ഇൻഡ്യൻ സമൂഹത്തിന്റെ എല്ലാ ഘടകങ്ങളിലേക്കും തലങ്ങളിലേക്കും നൂതന സമൂഹ സംവിധാനം വിഭാവനംചെയ്യുന്ന മൂല്യങ്ങളെ വ്യാപിപ്പിക്കുന്നതിന് സൊസൈററിക്ക് കഴിയുന്നതാണ്.

മഹത്തായ ഈ സാമൂഹ്യ പുനഃസൃഷ്ടിയിൽ പങ്കാളികളാകാൻ നിങ്ങളും യഥാർത്ഥത്തിൽ ആഗ്രഹിക്കുന്നില്ലേ?

കൂടുതൽ വിവരങ്ങൾക്ക് ററി. ചെറിയാൻ ആൻഡ്രൂസ്, എം. ഓ സി. ഈ എസ്. എസ്. സൊസൈററി, എം. ഡി. സി. സെൻറർ, കോട്ടയം – 686 001, കേരളം എന്ന മേൽവിലാസത്തിൽ എഴുതുക.

CENTURY AGENCY
AMBASSADOR CORPORATION
753 FRANKLIN AVENUE,
FRANKLIN SQUIRE, NEW YORK-11010.
Phone: 516-872-2100

We are original builders of Parish Real Estate
Contact us for fast and profitable
Real Estate Transaction in the U.S.A.
Mortgage Money Available in any amount to all qualified buyers.

E. I. Abraham Omallur, M.B.A; G.R.I.

# അല്പത്തിന്റെ പ്രധാന്യം (ii)

മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ

### 2) അല്പം നന്മയുടെ, അഥവാ ശ്രദ്ധയുടെ കുറവുമൂലം വരുന്ന ദോഷങ്ങൾ

സമീകൃത ആഹാരത്തെക്കുറിച്ച് നമുക്ക് അറിയാമല്ലോ. അതിൽ ഉണ്ടായിരിക്കേണ്ട ഏററവും ചെറിയ ഘടകംപോലും ഉണ്ടായിരുന്നാലേ ആരോഗ്യം നിലനിൽക്കുകയുള്ളു. ഉദാഹരണമായി പല ജീവകങ്ങൾ (Vitamins) ഭക്ഷണത്തിൽ ഉണ്ടായിരിക്കണം. ഏതെങ്കിലും ഒരു ജീവകം ഇല്ലാതെ വന്നാൽ പല തീരാരോഗങ്ങളും ഉണ്ടാകും. എന്തെല്ലാം ചെയ്താലും ആ ജീവകം ലഭിക്കാതെ രോഗം മാറുകയില്ല. ആ ജീവകം എത്രമാത്രം വേണമെന്ന് ചോദിച്ചാൽ ഒരു തൂക്കം പറയുക സാദ്ധ്യമല്ലാത്ത വിധം അല്പം മാത്രം മതി. എന്നാൽ അതിന്റെ അഭാവത്തിൽ വരുന്ന അനർത്ഥങ്ങൾക്ക് അറുതിയില്ല.

നീരാവി ഉണ്ടാകുന്നതിന് 99 ഡിഗ്രി ചൂടു കൊണ്ടായില്ല. ഒരു ഡിഗ്രിയുടെ കുറവേ ഉള്ളു എന്നു പറഞ്ഞതുകൊണ്ട് ഫലമില്ല. അതുപോലെ അല്പത്തിന്റെ കുറവുകൊണ്ട് വളരെ അദ്ധ്വാനം നിഷ്ഫലമായി പോകുന്നു. ഭാര്യാഭർത്താക്കൻമാർ തമ്മിലും സ്നേഹിതൻമാർ തമ്മിലും സഹപ്രവർത്തകർ തമ്മിലും അയൽക്കാർ തമ്മിലും ചില സ്നേഹപ്രകടനങ്ങൾ തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്നില്ലെങ്കിൽ അവർക്ക് സ്നേഹമില്ലെന്ന് തെററിദ്ധരിക്കുന്നതിന് ഇടയാകും. ആ ചെറിയ തെററിദ്ധാരണകളിൽകൂടി വീക്ഷിക്കുമ്പോൾ കൂടുതൽ തെററിദ്ധാരണകൾ ഉണ്ടായി അകൽച്ചകൾ വർദ്ധിക്കുന്നതിന് ഇടയാകും. ഒടുവിൽ തീർക്കാൻ വയ്യാത്ത അസ്വസ്ഥതകൾക്കും ഭിന്നിപ്പിനും കലഹങ്ങൾക്കും ഇടയായെന്നു വരാം. സംസാരിക്കാൻ സമയം കിട്ടിയില്ലെങ്കിലും ആത്മാർത്ഥമായ ഒരു ചിരി സ്നേഹത്തെ ഉറപ്പിക്കുന്നു. അഭിനന്ദനത്തിന്റെ വാക്കുകൾ പറയുമ്പോഴാണ് ഒരാൾ അഭ്യുദയകാംക്ഷിയാണെന്ന് പ്രകടമാകുന്നത്. സമ്മാനദാനങ്ങളും എഴുത്തുകുത്തുകളും സ്നേഹം തണുത്തുപോകാതെ സൂക്ഷിക്കുന്നു. സന്ദർശനത്തിന് കഴിയാതെ വരുമ്പോൾ ഒരു കത്തയക്കുകയെങ്കിലും ചെയ്യാമല്ലോ. ഇക്കാരണങ്ങളിലുള്ള അവഗണന വലിയ വില കൊടുക്കേണ്ട അവസ്ഥയിൽ നമ്മെ എത്തിച്ചെന്ന് വരാം.

വൈദ്യൻമാർ രോഗകാരണം കണ്ടുപിടിക്കുന്നതിലും ശസ്ത്രക്രീയ നടത്തുന്നതിലും സിസ്റേറഴ്സ് രോഗികളെ ശുശ്രൂഷിക്കുന്നതിലും തക്ക സമയത്ത് മരുന്ന് കൊടുക്കുന്നതിലും എന്നല്ല വിവിധ തുറകളിൽ പ്രവർത്തിക്കുന്ന ഓരോരുത്തരും വേണ്ടവണ്ണം ശ്രദ്ധിക്കാതിരുന്നാൽ വരുന്ന ദോഷങ്ങൾ എത്രമാത്രമാണെന്ന് ചിന്തിക്കുക.

### 3) അല്പം നന്മകൊണ്ടുണ്ടാകുന്ന ഗുണങ്ങൾ

നന്മ അല്പം മതിയെന്നല്ല ഇവിടെ ഉദ്ദേശിക്കുന്നത്. അല്പമായ നന്മയും വളരെ ഗുണം നൽകുന്നു എന്നതാണ്. വിദഗ്ദ്ധനായ ഒരു ചിത്രകാരൻ ഒരു ചിത്രത്തിൽ ചെയ്യുന്ന ചെറിയ പൊടിക്കൈകൾ ചിത്രത്തെ എത്രമാത്രം ആകർഷണീയമാക്കുന്നു! വേണ്ടസ്ഥാനത്ത് അല്പം ഉപ്പ് ചേർത്താൽ ഭക്ഷണം എത്ര രുചികരമായി തീരുന്നു! ഒരു പുഞ്ചിരി കാണുന്നത് എത്ര ആശ്വാസകരമാണ്! നിരാശയിലും തോൽവിയിലുമിരിക്കുന്നവർക്ക് വിജയമുണ്ടാകുമ്പോൾ നൽകുന്ന അഭിനന്ദനം അവർക്ക് പുതിയ ഉന്മേഷവും ശക്തിയും പകർന്നുകൊടുക്കുന്നു. തോൽവിയിൽ ഇരിക്കുന്നവരുടെ മററു രംഗങ്ങളിലുള്ള കഴിവുകൾ കണ്ട് അവരെ അഭിനന്ദിക്കുന്നത് അവർക്ക് പ്രത്യാശയും ധൈര്യവും നൽകുന്നതാണ്. ദുഃഖത്തിലും ആകുലചിന്തയിലും ഇരിക്കുന്നവരും നല്ല ഫലിതം കേട്ടാൽ ചിരിക്കും. കോപത്തോടും ക്രോധത്തോടുംകൂടെ വരുന്നവനെ മൃദുവായ ഉത്തരം ശാന്തതപ്പെടുത്തും. പട്ടിണിക്കാർക്ക് അല്പം മിച്ചം വരത്തക്കവണ്ണം നൽകുന്നത് അവരെ ആഹ്ളാദചിത്തരാക്കുന്നു. സഹതാപത്തോടും വാൽസല്യത്തോടുംകൂടെയുള്ള പെരുമാററം ആത്മഹത്യയിൽനിന്നുതന്നെ പലരെയും പിൻതിരിപ്പിച്ചെന്ന് വരാം. ജീവിതം അത്ര പൂർണ്ണമായും നിഷിദ്ധമല്ലെന്നും കുറെ നല്ലവരെങ്കിലും ലോകത്തി

ളുണ്ടെന്നും ജീവിതായോഗ്യമാണ് ജീവിതമെന്നും ചിന്തിക്കുന്നതിന് ഇടയായാൽ ആൽമഹത്യയിൽ നിന്നും പലരും പിൻതിരിയാൻ സന്നദ്ധനാകും.

നല്ല മാങ്ങകൾ ചീഞ്ഞഴുകുന്ന മാങ്ങയെ നല്ലതാക്കുകയില്ലെന്നുള്ളത് നാം കണ്ടു. എന്നാൽ റേഡിയം അതിനോട് ചേർന്നിരിക്കുന്ന വസ്തുക്കളെ റേഡിയംപോലെ രൂപാന്തരപ്പെടുത്തി ശക്തീകരിക്കും. നാം കർത്താവിനോടു ചേർന്ന് രൂപാന്തരം പ്രാപിക്കുകയും മററുള്ളവരെയും രൂപാന്തരപ്പെടുത്തത്തക്കവണ്ണം ശക്തി ആർജ്ജിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

അല്പം പുളിമാവ് പിണ്ഡത്തെ മുഴുവൻ പുളിപ്പിക്കുന്നു. യേശുക്രിസ്തുവാകുന്ന പുളിമാവ് അഥവാ സ്നേഹമാകുന്ന പുളിമാവ് നമ്മെ മുഴുവനും രൂപാന്തരപ്പെടുത്തണം. സാത്താനാകുന്ന പുളിമാവിനെ അഥവാ സ്വാർത്ഥതയാകുന്ന പുളിമാവിനെ നാം അകററുകയും ചെയ്യണം.

4] നമ്മുടെ കർത്തവ്യം

ഏററവും ചെറിയ കാര്യങ്ങളിൽ നാം അതീവ സൂക്ഷ്മതയുള്ളവരായിരിക്കണം. 'Trifles make perfection. But perfection is not trfling.' (നിസാരമെന്ന് വിചാരിക്കുന്ന കാര്യങ്ങളാണ് പൂർണ്ണത ഉളവാക്കുന്നത്. എന്നാൽ പൂർണ്ണത ഒരിക്കലും നിസാരമല്ലതാനും.)

അല്പമായ തിന്മപോലും ഉണ്ടാകാതിരിക്കുന്നതിനുള്ള മാർഗ്ഗമെന്ത്? നാം സ്നേഹത്തിൽ


## എം. ഓ. സി. പബ്ളിക്കേഷൻസ്
### ദേവലോകം, കോട്ടയം

സഭാപരമായ പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിന് പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നിയമിച്ചിട്ടുള്ള മലങ്കര ഓർത്തഡോക്സ് ചർച്ച് പബ്ളിക്കേഷൻസ് കമ്മററി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള താഴെ കുറിക്കുന്ന പുസ്തകങ്ങൾ വില്പനയ്ക്ക് തയ്യാറായിരിക്കുന്നു. ഈ പുസ്തകങ്ങൾ ദേവലോകം കാതോലിക്കേററ് ഓഫീസിലും, കോട്ടയത്ത് ഓർത്തഡോക്സ് ചർച്ച് ബുക്കു സെൻറർ, ഓർത്തഡോക്സ് ബുക്കു ഹൗസ്, എം. ജി. ഓ. സി. എസ്. എം. ബുക്കുഷോപ്പ്, മാവേലിക്കര സെൻറ് പോൾസ് ബുക്കുഡിപ്പോ, ഹരിപ്പാട് മിഷൻ സെൻറർ, പരുമല സെ. ജോർജ് ബുക്കുഡിപ്പോ എന്നിവടങ്ങളിൽ ലഭിക്കുന്നതാണ്.

| | |
|---|---|
| ക്യംതാസ്ളീബാ നമസ്ക്കാരം & കുർബാനക്രമം | 15 രൂപാ |
| നോമ്പിലെ പ്രമിയൂൻ | 20 00 |
| സാധാരണ കുടുംബാരാധനക്രമം | 1 50 |
| ,, പ്ളാസ്ററിക് കവർ | 2 50 |
| നോമ്പിലെ കുടുംബാരാധനക്രമം | 3 50 |
| ദുഃഖവെള്ളിയാഴ്ച ഗീതങ്ങൾ | 2 50 |
| ,, പ്ളാസ്ററിക് കവർ | 5 00 |
| ഹാശാഗീതങ്ങൾ | 1 50 |
| Truth Triumphs – Life and Achievements of Vattasseril Mar Dionysius by Rev. Dr. V. C. Samuel | 20 00 |
| Qurbanakramam English – Plastic Cover | 10 00 |
| Childrens Book of Common Prayer | 3 00 |

സുന്നഹദോസ് തയ്യാറാക്കിയ സന്ദർഭോചിത പ്രാർത്ഥനകൾ, പരിഷ്ക്കരിച്ച വി. വേദവായനക്കുറിപ്പ് എന്നിവ അച്ചടിയിൽ.

കൂടുതൽ വിവരങ്ങൾക്ക് എഴുതുക:

ഫാ. ററി. ജി. സഖറിയ, സെക്രട്ടറി
എം. ഓ. സി. പബ്ളിക്കേഷൻസ്
ദേവലോകം, കോട്ടയം–38.




നിറയണം. പരിശുദ്ധാൽമാവിൻെറ നിറവിനായി പ്രാർത്ഥിച്ചും സ്നേഹപ്രവർത്തികൾ ചെയ്തും സ്നേഹത്തിൽ നിറയണം. 'അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട് യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും?' (വി. ലൂക്കോ 11: 13). 'ദൈവത്തിൻെറ സ്നേഹം നമുക്ക് നൽകപ്പെട്ട പരിശുദ്ധാൽമാവിനാൽ, നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലൊ' (റോമ. 5: 5). 'ആൽമാവിൻെറ ഫലമൊ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രീയജയം' (ഗലാ. 5: 22, 23).

പരിശുദ്ധാൽമാവിനായും, പരിശുദ്ധാൽമനിറവിൻെ ഫലമായ സ്നേഹത്തിനായും, ആഴമായ ആഗ്രഹത്തോടെ നാം പ്രാർത്ഥിക്കണം. 'നീതിക്കായി വിശന്ന് ദാഹിക്കുന്നവർ ഭാഗ്യവാൻമാർ, അവർക്ക് തൃപ്തിവരും' (വി. മത്താ. 5: 6) എന്ന് കർത്താവ് പറയുന്നുണ്ടല്ലൊ. നമ്മുടെ ചിന്തകൾ ദൈവികമായിരിക്കുന്നതിനും നാം പരിശ്രമിക്കണം. എന്നാലേ നല്ല ആഗ്രഹങ്ങൾ നമ്മിൽ നിലനിൽക്കൂ. 'ഒടുവിൽ സഹോദരൻമാരെ, സത്യമായത് ഒക്കെയും, ഘനമായത് ഒക്കെയും, നീതിയായതൊക്കെയും, നിർമ്മലമായതൊക്കെയും, രമ്യമായതൊക്കെയും, സൽകീർത്തിയായതൊക്കെയും, സൽഗുണമൊ പുകഴ്ചയൊ, അതൊക്കെയും ചിന്തിച്ചുകൊൾവിൻ' (ഫിലി. 4: 8). ഇങ്ങനെ നന്മയാൽ തിന്മയെ നാം ജയിക്കണം. 'തിന്മയോട് തോൽക്കാതെ നന്മയാൽ തിന്മയെ ജയിക്കുക (റോമ. 12: 31). 'നന്മ ചെയ്യുന്നതിൽ നാം മടുത്തുപോകരുത്. തളർന്നുപോകാഞ്ഞാൽ തക്ക സമയത്ത് നാം കൊയ്യും (ഗലാ. 6: 9). 'തമ്മിലും എല്ലാവരോടും എപ്പോഴും നന്മ ചെയ്തുകൊണ്ടിരിപ്പിൻ (1 തെസ. 5: 15). 'നിങ്ങൾ ചെയ്യുന്നതെല്ലാം സ്നേഹത്തിൽ ചെയ്യുവിൻ' (1 കൊറി. 16: 14).

എത്ര ചെറിയവരെപ്പോലും അവഗണിക്കാതെ എല്ലാവരെയും, ശത്രുക്കളെയും, സ്നേഹിക്കുവാൻ നമുക്ക് സാധിക്കണം. 'എൻെറ ഈ ഏററവും ചെറിയ സഹോദരൻമാരിൽ ഒരുത്തന് നിങ്ങൾ ചെയ്തിടത്തോളമെല്ലാം എനിക്ക് ചെയ്തു എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോടു പറയുന്നു (വി. മത്താ. 25: 40). ഈ ഏററവും ചെറിയവരിൽ ഒരുത്തന് നിങ്ങൾ ചെയ്യാഞ്ഞിടത്തോളമെല്ലാം, എനിക്ക് ആകുന്നു ചെയ്യാഞ്ഞത്'' (വി. മത്താ. 25: 45). 'എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുത്തന് ആരെങ്കിലും ഇടർച്ച വരുത്തിയാലൊ, അവൻെറ കഴുത്തിൽ വലിയൊരു തിരികല്ല് കെട്ടി, അവനെ സമുദ്രത്തിൻെറ ആഴത്തിൽ താഴ്ത്തിക്കളയുന്നത് അവന് നന്ന്'' (വി. മത്താ. 18: 6) എന്ന് നമ്മുടെ കർത്താവ് കല്പിക്കുന്നു.

ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹത്തിൽ നിറഞ്ഞ്, എല്ലാ തിന്മകളെയും പാപങ്ങളെയും ഒന്നൊഴിയാതെ നാം ജയിക്കണം. 'ഒരുവൻ ന്യായപ്രമാണം മുഴുവനും അനുസരിച്ച് നടന്നിട്ടും ഒന്നിൽ തെററിയാൽ, അവൻ സകലത്തിനും കുററക്കാരനായിത്തീർന്നു. വ്യഭിചാരം ചെയ്യരുതെന്ന് കല്പിച്ചവൻ കൊലചെയ്യരുതെന്നും കല്പിച്ചിരിക്കുന്നു. നീ വ്യഭിചാരം ചെയ്യുന്നില്ലെങ്കിലും, കൊല ചെയ്യുന്നുവെങ്കിൽ, ന്യായപ്രമാണം ലംഘിക്കുന്നവനായിത്തീർന്നു' (വി. യാക്കോ. 2: 10,11). ഒരു രോഗം മതി മനുഷ്യൻ മരിക്കുവാൻ. ഒരു പാപം മതി ആൽമാവ് മരിക്കുവാൻ.

ചെറിയ കാര്യങ്ങളിൽ വിശ്വസ്തതയോടെ പ്രവർത്തിക്കുന്നവന് വലിയ കാര്യങ്ങളിലേക്ക് ഉയർച്ചയുണ്ടാകും. അഞ്ച് താലന്തിനോട് അഞ്ചുകൂടെ ലാഭമുണ്ടാക്കിയവനോട് പറയുന്നത് ശ്രദ്ധിക്കുക. 'നന്ന്. നല്ലവനും വിശ്വസ്തനുമായ ദാസാ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു. ഞാൻ നിന്നെ അധികത്തിന് വിചാരകനാക്കും. നിൻെറ യജമാനൻെറ സന്തോഷത്തിലേക്ക് പ്രവേശിക്കുക' (വി. മത്താ. 25: 21).

ചെറിയ കാര്യങ്ങളുടെ പ്രാധാന്യം മനസ്സിലാക്കി ഒന്നൊഴിയാതെ ഏററവും ചെറിയവരും സൂക്ഷ്മതയോടെ ജീവിക്കുന്നെങ്കിൽ സ്വർഗീയ സന്തോഷവും സമാധാനവും നമുക്ക് ലഭിക്കും.

മററുള്ളവരിലുള്ള ചെറിയ കുറാങ്ങൾക്കും കുറവുകൾക്കും അമിതപ്രാധാന്യം നൽകി അവരെ നിന്ദിക്കുന്നതും ഇടർച്ചകൾ വരുത്തിക്കൂട്ടുന്നതും നിഷിദ്ധമാണെന്നുള്ള സത്യവും ഇവിടെ പ്രസ്താവ്യമാണ്.

Take care of little things. Big things will take care of themselves (ചെറിയ കാര്യങ്ങളിൽ ശ്രദ്ധചെലുത്തുക. വലിയവ സ്വയം കരുതിക്കൊള്ളും). ഇത് നമ്മുടെ ജീവിതത്തിൽ ഒരു പാഠമായിരിക്കട്ടെ.

മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



A Firm Believer, Kuwait.



# നാലാം സുവിശേഷത്തിലൂടെ ഒരു തീർത്ഥയാത്ര (xii)

ഫാ. പി. ജോർജ്ജ് ഫിലിപ്പ് എം. എ.

52. ആമോക്ക് (Amok) O. T.

ബാബിലോൺ പ്രവാസത്തിനുശേഷം സെരുബാബേലിനോടൊപ്പം മടങ്ങിവന്ന ഒരു പുരോഹിതപ്രമാണി (നെഹമ്യാവ് 12: 20).

53. ആമോസ് (Amos) O. T.

a) ബേതലഹേമിന് ആറു മൈൽ തെക്ക് യഹൂദായിലെ തെക്കോവയിൽ ജീവിച്ചിരുന്ന ഒരു ആട്ടിടയൻ. യിസ്രായേലിന്റെ വടക്കെ രാജ്യത്ത് യൊരോബെയാം രണ്ടാമന്റെ കാലത്ത് പ്രവചനം നടത്തിയിരുന്ന ദൈവത്താൽ വിളിക്കപ്പെട്ട പ്രവാചകൻ (ആമോസ് 1: 1).

b) യെശയ്യാ പ്രവാചകന്റെ പിതാവ് (2 രാജാക്കൻമാർ 19: 2).

54. ആശേർ (Asher) O. T.

യാക്കോബിന്റെ എട്ടാമത്തെ പുത്രൻ. പലസ്തീൻ നാടിന്റെ വടക്കു പടിഞ്ഞാറു ഭാഗത്ത് കർമ്മേൽ പർവ്വതത്തിനടുത്ത് സ്ഥിരതാമസമാക്കിയ ഇസ്രായേലിന്റെ 12 ഗോത്രങ്ങളിൽ ഒന്നിന്റെ നേതാവ് (ഉല്പത്തി 30: 13; യോശുവാ 19: 24–31).

55. ആസ (Asa) O. T.

യെഹൂദ്യയുടെ മൂന്നാമത്തെ രാജാവ്. 40 വർഷം ഭരിച്ചു. വളരെ നല്ല പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തി സമാധാനപരമായി ഭരിച്ചു. പട്ടണങ്ങൾ പണിതു; വിഗ്രഹങ്ങളെ തകർത്തു; അഞ്ചു ലക്ഷത്തി എൺപതിനായിരം പേരുള്ള ഒരു സൈന്യവ്യൂഹത്തെ സംഘടിപ്പിച്ചു. വളരെ ബഹുമാനിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്തിരുന്ന ഒരു രാജാവ്. (2 ദിന. 15: 8)

56. ആസ്നത്ത് (Asenath) O. T.

ഓനിലെ പുരോഹിതനായിരുന്ന ഫോത്തിഫേറയുടെ മകൾ. യൗസേഫിന്റെ ഭാര്യ. മനശെയുടെയും എഫ്രയീമിന്റെയും അമ്മ (ഉല്പത്തി 41: 50).

57. ആഹാബ് (Ahab) O. T.

ഇസ്രായേലിന്റെ ഏഴാമത്തെ രാജാവ്. ഈസേബെലിന്റെ ഭർത്താവ്. വിഗ്രഹാരാധനയിൽ തല്പരനായിരുന്ന രാജാവിനെ ഏലിയാ ശകാരിക്കുകയും ദൈവത്തിന്റെ കോപത്തെപ്പററി അറിയിക്കുകയും ചെയ്തു. ഗിലെയാദിലെ രാമോത്തിനെതിരെ നടത്തുന്ന യുദ്ധത്തിൽ അവൻ മരിക്കുമെന്ന് മീഖാ ദീർഘദർശി അവനു മുന്നറിയിപ്പു നൽകി.

58. ആഹാസ് (Ahaz) O. T.

യെഹൂദ്യയിലെ 12–ാമത്തെ രാജാവ്. പുറജാതി ബലികളിലും ആചാരങ്ങളിലും ആശ്രയിച്ചിരുന്ന ഒരു അശക്തനായ മനുഷ്യൻ. മന്ത്രവാദികളും ക്ഷുദ്രൻമാരുമായി പലപ്പോഴും ആലോചന നടത്തിയിരുന്നു. സ്വപുത്രൻമാരെപ്പോലും പുറജാതിദൈവമായ മോളോക്കിന്റെ പ്രീതിക്കുവേണ്ടി അഗ്നിപ്രവേശം ചെയ്യിച്ചിരുന്നു. മരിച്ചപ്പോൾ ഇസ്രായേൽ രാജാക്കൻമാരുടെ കല്ലറയിൽ അടക്കം ചെയ്യാതെ യെറൂശലേം നഗരത്തിന്റെ ഒരു ഭാഗത്ത് അടക്കി (2 ദിനവൃത്താന്തം 28).

അഭിവന്ദ്യ പോളിക്കർപ്പോസ്
തിരുമേനിയുടെ
പാവനസ്മരണയ്ക്ക്



Dessy P. James, Kunnamkulam

പുസ്തകനിരൂപണം:

# മാർ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ

സിഡീസ് ബുക്ക്സ് - ചന്ദനപ്പള്ളി. വില. 25 രൂ.

മലയാളഭാഷാ സാഹിത്യരംഗത്ത് സ്വന്തമായ ഒരു സ്ഥാനം ഉറപ്പിച്ചിട്ടുള്ള ശ്രദ്ധേയനായ ഗവേഷകനാണ് ഡോക്ടർ സാമുവൽ ചന്ദനപ്പള്ളി. പഠനവിഷയങ്ങളായ വിവിധ ഗ്രന്ഥങ്ങളുടെ കർത്താവായ ഡോ. സാമുവൽ സാധനസിദ്ധിയിൽ എത്തിച്ചേർന്നതും സ്വക്ഷേത്രത്തിൽ നിലയുറപ്പിച്ചതും 'മലങ്കര സഭാപിതാക്കൻമാർ' എന്ന ഗ്രന്ഥപരമ്പരയുടെ നിർമ്മാണത്തിലാണ്.

താൻ ചെയ്യുന്നതെന്തെന്ന് പൂർണ്ണബോദ്ധ്യമുള്ള ആളാണ് ഗ്രന്ഥകർത്താവ്. നിരന്തരമായ അന്വേഷണവും പഠനവും ജീവിത തപസ്യയാക്കി വിശ്രമവേളകളും അനദ്ധ്യയന സമയങ്ങളും മലങ്കര സഭാപിതാക്കൻമാരുടെ വചനങ്ങൾ തേടുവാനും സമാഹരിക്കുവാനും വിനിയോഗിച്ചതിൽ അഭിമാനിക്കുന്ന ഗ്രന്ഥകർത്താവ് ആ വചനങ്ങൾ പകർത്തുകയും പഠിക്കുകയും ചെയ്തുകൊണ്ടിരുന്നപ്പോൾ ലഭിച്ച അദൃശ്യ കരപരിലാളനത്തെയും ആത്മാനന്ദത്തെയും തന്റെ യത്നങ്ങൾക്കു ലഭിച്ച പ്രതിഫലമായി ഗണിക്കുന്നു. അങ്ങനെയുള്ള അദൃശ്യകര പരിലാളന അനുഭവിച്ചുകൊണ്ടു വിരചിച്ച ഗ്രന്ഥപരമ്പരയിലെ മൂന്നാം വാല്യമാണ് 'മാർ ബസേസലിയോസ് ഗീവർഗീസു ദ്വിതീയൻ'.

മലങ്കര ഓർത്തഡോക്സു സഭയുടെ പരമാദ്ധ്യക്ഷപദം വഹിച്ചിട്ടുള്ള പുണ്യാത്മാക്കളിൽ വ്യക്തിപ്രഭാവംകൊണ്ട് പ്രഥമ ഗണനീയനായിരിക്കുന്നത് പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ ആണെന്ന വസ്തുത സർവ്വസമ്മതമാണ്. കൈസര്യയിലെ വലിയ മാർ ബസേസലിയോസിനെപ്പോലെ ഭാഗ്യസ്മരണാർഹ

59. ഇത്ഥായി (Ittai) O. T.

ദാവീദിനെ വിശ്വസ്തതയോടെ സേവിച്ച ഒരു ഹിത്യക്കാരൻ. 600 ഹിത്യരുടെ നായകൻ (2 ശമുവേൽ 15: 18, 19).

60. ഇമ്മാനുവേൽ (Immanual) O. T.; N. T.

യേശുവിനു പറഞ്ഞിട്ടുള്ള ഒരു നാമം. 'ദൈവം നമ്മോടുകൂടെ' എന്നർത്ഥം. ഇമ്മാനുവേലിന്റെ ജനനത്തെപ്പററി യെശയ്യാ പ്രവാചകൻ ദീർഘദർശനം നടത്തിയിരുന്നു (യെശ. 7: 14; മത്തായി 1: 22).

61. ഇ(യി)സ്ഹാക്ക് (Isaac) O. T.

അബ്രഹാമിന്റെയും സാറായുടേയും മകൻ. അബ്രഹാമിന്റെ വാഗ്ദത്ത പിൻഗാമി. യഹോവായുടെ കല്പനയനുസരിച്ച് മോരിയാ ദേശത്തു യഹോവയ്ക്കു ഹോമയാഗം കഴിക്കാൻ കൊണ്ടുപോയ ബലിവസ്തു. റിബേക്കായുടെ ഭർത്താവ്. യാക്കോബും ഏശാവും പ്രസിദ്ധരായ മക്കൾ. (ഉല്പത്തി 22, 24, 26, 27).

62. ഇ(യി)സ്രായേൽ (Israel) O. T.

തന്റെ സഹോദരനായ ഏശാവുമായുള്ള പുന: സമാഗമത്തിനു തൊട്ടുമുമ്പ് യാക്കോബിനു ലഭിച്ച പേര് (ഉല്പത്തി 32: 22–32).

63. ഇ(യി)സ്രായേല്യർ (Israelites) O. T.; N. T.

യാക്കോബിന്റെ വംശക്കാർ. യിസ്രായേലിൽ (യാക്കോബ്)നിന്നും ഉത്ഭവിച്ചവർ. ദൈവത്തിന്റെ വാഗ്ദത്ത മക്കൾ (പുറപ്പാട് 9: 7; റോമർ 9: 4–10).

64. ഈഖാബോദ് (Ichabod) O. T.

ഏലിയായുടെ കൊച്ചു മകൻ. ഫീനഹാസിന്റെ മകൻ. ദൈവത്തിന്റെ പെട്ടകം ഫെലിസ്ത്യർ പിടിച്ചെടുത്തപ്പോൾ ആ വിവരം കേട്ടുകൊണ്ടാണ് അവന്റെ അമ്മ അവനെ പ്രസവിച്ചത്. അതുകൊണ്ട് 'മഹത്വം യിസ്രായേലിൽനിന്നും പൊയ്പോയി' എന്നർത്ഥമുള്ള ഈ പേരിട്ടു (1 ശമുവേൽ 4: 19–22).

—o—



നായ ആ ബസേസലിയോസിന്റെ ജീവിതകഥയും പ്രഭാഷണങ്ങളും സൂക്തങ്ങളും കല്പനകളും ഉൾക്കൊള്ളുന്ന അമൂല്യമായ ഗ്രന്ഥമാണ് ഇവിടെ പരാമർശനവിഷയം. മലങ്കര ഓർത്തഡോക്സു സഭയുടെ ചരിത്രത്തിലെ പ്രതിസന്ധിനിർഭരവും പ്രക്ഷോഭവ്യാകീർണ്ണവുമായ ഒരു ഘട്ടത്തിൽ ആർത്തലറുന്ന കടലിൽ ഒരു ചെറു നൗകയെ എന്നപോലെ സഭയെ നയിച്ച ധീര നാവികനായിരുന്നു പരിശുദ്ധ പിതാവ്. മലങ്കരസഭയുടെ ദീർഘകാല ചരിത്രം സംക്ഷിപ്തസുന്ദരമായി വിവരിക്കുന്ന പഠനാർഹമായ അവതാരികയിൽ 'പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ പ്രവാചകപ്രവരനായ മോശെയെപ്പോലെ തന്റെ നെടിയ ദണ്ഡ് ഉയർത്തി അപകടത്തിന്റെ തരംഗ പരമ്പരകളെ ഭേദിക്കുകയും നനവു തട്ടാത്ത വിശ്വാസത്തിന്റെ പാറത്തട്ടിൽകൂടി ഓർത്തഡോക്സു ജനതയെ നയിക്കുകയും ചെയ്തുപോന്നു' എന്നു ഡോക്ടർ കെ. എം. തരകൻ നിരീക്ഷിച്ചിരിക്കുന്നത് പ്രത്യക്ഷരം പരമാർത്ഥം തന്നെ.

ഗീവർഗീസു ദ്വിതീയൻ ബാവായെക്കുറിച്ചു പ്രസിദ്ധീകൃതങ്ങളായ ഗ്രന്ഥങ്ങളും സ്മരണികകളും എല്ലാം ശരിക്കു പ്രയോജനപ്പെടുത്തിക്കൊണ്ടാണ് താൻ ഗ്രന്ഥരചന നിർവഹിച്ചിരിക്കുന്നതെന്നു തുറന്നു സമ്മതിക്കുന്ന ഗ്രന്ഥകാരൻ അവയോടുള്ള കടപ്പാടു മുക്തകണ്ഠം ഏററുപറയുന്നു. എന്നാൽ ഇതൊരു ജീവചരിത്രം മാത്രമല്ല. അതോടു ചേർന്ന് കഥാപുരുഷന്റെ പ്രഭാഷണങ്ങളും സൂക്തങ്ങളും ഭരണവൈദഗ്ദ്ധ്യം വിളിച്ചോതുന്ന കല്പനകളും അദ്ദേഹം എഴുതിയിട്ടുള്ള ഭക്തിസംവർദ്ധകങ്ങളായ ഗ്രന്ഥങ്ങളും നമുക്ക് ഇതിൽ കാണാം. ഉപോദ്ഘാതം, പ്രഭാഷണങ്ങൾ, കല്പനകളും സന്ദേശങ്ങളും, സൂക്തങ്ങൾ, ഗ്രന്ഥങ്ങൾ എന്ന് അഞ്ചു ഇതളുകളായി സംവിധാനം ചെയ്തിരിക്കയാണു ഗ്രന്ഥം.

ഒരു വ്യക്തിയുടെ ജന്മം സഭയുടെ ഭാഗധേയത്തിന്റെ ചുക്കാനായിത്തീരുന്ന മഹത്തായ ജീവിതകഥയുടെ നാതിവിസ്തരമായ വിവരണമാണ് ഉപോദ്ഘാതത്തിലെ ഒന്നാം അദ്ധ്യായമായ 'ജീവിതരേഖ'. രണ്ടാമദ്ധ്യായം വ്രതനിഷ്ഠനും തപോധനനുമായ ബാവായെ പരിചയപ്പെടുത്തുന്നു. പൗരസ്ത്യ പിതാക്കൻമാരുടെ ജീവിതവും ദർശനവും പിന്തുടർന്ന് സ്വജീവിതനവീകരണം സാധിച്ചതോടൊപ്പം അനുഭവഭേദ്യമായ അലൗകികാനുഭൂതികളെ സ്വസമുദായാംഗങ്ങൾക്കു പകർന്നു കൊടുക്കുകയും മലങ്കരയിൽ പുന:സ്ഥാപിക്കപ്പെട്ട കാതോലിക്കേററിന്റെ രക്ഷാപുരുഷൻമാരിൽ ഒരാളായി സഭയെ വളർത്തുകയും ചെയ്ത നവോത്ഥാനത്തിന്റെ മഹാശിൽപ്പിയെയാണ് മൂന്നാമദ്ധ്യായം കാണിച്ചുതരുന്നത്. ചേതോഹരമായ വാചാപ്രസംഗങ്ങളിലൂടെ ശ്രോതാക്കളുടെ ഹൃദയം കവരുന്ന പ്രഭാഷകൻ, ജീവിതത്തിന്റെ മിത്ഥ്യാവരണങ്ങളെ തകർത്തുകൊണ്ട് സത്യത്തിലേക്കു ശിഷ്യന്റെ കണ്ണുകളെ തുറന്നുകൊടുക്കുന്ന ഗുരു, കേരളത്തിന്റെ ആദ്ധ്യാത്മികവും സാമൂഹികവുമായ മേഖലകളിൽ ധീരോദാത്തമായ നേതൃത്വം നൽകിയ ആത്മീയ ഇടയൻ എന്നീ നിലകളിൽ കഥാപുരുഷനെ പഠിക്കുകയാണ് ഉപോദ്ഘാതത്തിലെ അടുത്ത മൂന്നദ്ധ്യായങ്ങൾ.

പരിശുദ്ധ ഗീവർഗീസു ദ്വിതീയന്റെ മുഖ്യപ്രഭാഷണങ്ങൾ ദ്വിതീയദലത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇവയിൽകൂടി കടന്നുപോകുന്ന ഒരാൾക്ക് ആത്മീയപ്രകാശം തുടിച്ചുനിൽക്കുന്ന മാലാഖാസദൃശമായ ആ സുന്ദരമുഖം കാണുകയും

## നോമ്പിലെ കുടുംബാരാധനക്രമം

**പ. സുന്നഹദോസ് തയ്യാറാക്കിയത്**

മൂന്നുനോമ്പിലും വലിയ നോമ്പിലും പീഡാനുഭവ ആഴ്ചയിലെ ദിവസങ്ങളിലും എല്ലാ കുടുംബങ്ങളിലും ഉപയോഗിക്കുന്നതിന് പ. എപ്പിസ്കോപ്പൽ സുന്നഹദോസ് തയ്യാറാക്കി സഭയുടെ പബ്ളിക്കേഷൻസ് ഡിപ്പാർട്ടുമെൻറുവഴി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ് ഈ പുസ്തകം. നോമ്പുകാലങ്ങളിൽ ഇപ്പോൾ കുടുംബങ്ങളിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പാമ്പാക്കുട നമസ്കാരക്രമവും, പഴയ നമസ്കാരക്രമവും, പള്ളികളിൽ ഉപയോഗിക്കുന്ന ഗീതങ്ങളും മററും പരിശോധിച്ചും ആവർത്തനങ്ങൾ ലഘൂകരിച്ചും അത്യാവശ്യമായ പ്രാർത്ഥനകൾ ഉൾക്കൊള്ളിച്ചും മിതമായ സമയംകൊണ്ട് ചൊല്ലിത്തീർക്കാവുന്നരീതിയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ് 80 പേജുകൾ ഉള്ള ഈ പുസ്തകം. , വില രൂ. 3. 50.

ദൈവീകജ്ഞാനം തുളുമ്പി ഒഴുകുന്ന ധീരഗംഭീരമായ ആ മന്ത്രനാദം കേൾക്കുകയും ചെയ്യുന്ന പ്രതീതി തോന്നും.

മൂന്നാം ഇതരം കല്പനകളും സന്ദേശങ്ങളും ആകുന്നു. ഇടയന് അടുത്തതും ഭരണപരവുമായ വിവിധങ്ങളായ വിഷയങ്ങൾ പുരസ്കരിച്ചു പുറപ്പെടുവിച്ചിട്ടുള്ള കല്പനകളും ജനജീവിതത്തിലെ ചില സുപ്രധാന സന്ദർഭങ്ങളോടു അനുബന്ധമായി നൽകിയിട്ടുള്ള സന്ദേശങ്ങളും ഇതിലുണ്ട്. 'തങ്ങൾക്കു ലഭിച്ചിട്ടുള്ള സംസ്കാരത്തിന്റെയും ധാർമ്മിക നേതൃത്വത്തിന്റെയും ദീപയഷ്ടി ഉയർത്തിപ്പിടിച്ച് കേരളത്തിനു വെളിച്ചം കാട്ടിക്കൊടുക്കുവാൻ ഇവിടത്തെ ക്രൈസ്തവർക്കു സാധിക്കും' എന്ന പ്രത്യാശയാണു കേരളപ്പിറവിയുടെ സന്ദേശത്തിൽ പ്രകടിപ്പിച്ചിരിക്കുന്നത്.

നാലാം ഭാഗം സൂക്തങ്ങളാണ്. 'ദുഃഖിതന് ആശ്വാസവും അശരണനു ശരണവും നിരാശ്രയന് ആശ്രയവും' അരുളിക്കൊണ്ട് മനുഷ്യമനസിൽ ചിരപ്രതിഷ്ഠ നേടുന്ന അനവദ്യസുന്ദരങ്ങളായ അനേകം സൂക്തങ്ങൾ പരിശുദ്ധ പിതാവിന്റേതായുണ്ട്. ഗ്രന്ഥങ്ങൾ എന്ന അഭിധാനം വഹിക്കുന്ന അഞ്ചാം ഇതളിൽ സഹദേൻമാരുടെ ചരിത്രം, മാർ യൂഹാനോൻ മാംദാനാ, പറുദൈസാ, രഹസ്യപ്രാർത്ഥനകൾ എന്നീ ഗ്രന്ഥങ്ങൾ പരിശുദ്ധ പിതാവ് സുറിയാനിയിൽനിന്നു പരിഭാഷപ്പെടുത്തിയതായി പരാമർശിക്കുന്നു. എന്നാൽ 'രഹസ്യപ്രാർത്ഥനകൾ' എന്ന ഒരു ഗ്രന്ഥം മാത്രമേ കൊടുത്തിരിക്കുന്നുള്ളു. അതിലെ ഭാഷ ലളിതവും പ്രസന്നവും ആയി അനുഭവപ്പെടും. ബാവായുടെ അന്ത്യരംഗവും അന്ത്യയാത്രയും വിവരിക്കുന്നതാണ് അനുബന്ധം.

പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ആൽമീയ ഔന്നത്യം കണ്ടറിയുകയും സഹവിശ്വാസികളായ സഹോദരങ്ങൾക്ക് അനുഭവവേദ്യമാക്കിക്കൊടുക്കുകയും ചെയ്യുന്ന ഉത്തമമായ സമുദായസേവനമാണ് ഈ ഗ്രന്ഥത്തിന്റെ നിർമ്മാണംകൊണ്ട് ഡോക്ടർ ചന്ദനപ്പള്ളി നിർവഹിച്ചിരിക്കുന്നത്. സഭാവിശ്വാസം പഠിക്കാനും അതിൽ അടിയുറച്ചു നിൽക്കാനും വിശ്വാസികളെയും, പഠന ക്ളാസുകളും ധ്യാനപ്രസംഗങ്ങളും കാര്യക്ഷമമായി നടത്താൻ പ്രബോധകൻമാരേയും സഹായിക്കുന്ന ഈ വിശിഷ്ടഗ്രന്ഥം ഓർത്തഡോക്സ് ഭവനങ്ങളിൽ ഒരു ആഡംബരമല്ല ആവശ്യംതന്നെ ആണെന്നു പ്രഖ്യാപിക്കാൻ ഞാൻ ധൈര്യപ്പെടുന്നു.

—പ്രൊഫ. എൻ. കെ. നൈനാൻ
(ശൂരനാട്)

ഈ വിശിഷ്ഠ ഗ്രന്ഥത്തിന്റെ കോപ്പികൾ കാതോലിക്കേററ് ഓഫീസിലും സഭവക ബുക്ക് സ്ററാളുകളിലും ലഭിക്കുന്നതാണ്. Book Post ആയി ലഭിക്കുന്നതിന് 26 രൂപ M. O. ആയി എത്രയുംവേഗം അയക്കുക. ഫാ. ററി. ജി. സഖറിയ, മാനേജർ, കാതോലിക്കേററ് ഓഫീസ്, കോട്ടയം-38.


രോഗശാന്തിക്ക്



Jacob & Family, Bombay.

പരീക്ഷ പാസസാകുന്നതിനുവേണ്ടി



വർഗീസ്.







കുഞ്ഞനുജൻമാരെ കുഞ്ഞനുജത്തിമാരെ,

മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷപദം അലങ്കരിക്കുന്ന പ. ബസേലിയോസ് മാർത്തോമ്മാ മത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസിലേക്ക് ഈ മാസം (മാർച്ച്) 27-ാം തീയതി 80 വയസ് പൂർത്തിയാകുകയാണ്.

യേശുനാഥന്റെ പൂന്തോട്ടത്തിലെ ഓമനക്കിടാങ്ങളെ, നമ്മുടെ പ. ബാവാതിരുമേനിയുടെ ആയുരാരോഗ്യങ്ങൾക്കുവേണ്ടി നമുക്ക് ഒന്നുചേർന്ന് പ്രാർത്ഥിക്കാം. സ്നേഹസൗരഭ്യം പരത്തുന്ന ആശംസാപുഷ്പങ്ങൾ അദ്ദേഹത്തിനു തിരുമുൽക്കാഴ്ചയായി അർപ്പിക്കാം.



നല്ല നാവികനായ നസറായനാഥനിൽ അഭയം തേടിക്കൊണ്ട് മലങ്കരസഭയാകുന്ന പടകിനെ കടലോളങ്ങളിലൂടെ നയിക്കുന്ന വിശ്വാസവീരനാണ് നമ്മുടെ ബാവാതിരുമേനി.

വിശുദ്ധ സഭയാകുന്ന കപ്പലിന്റെ കപ്പിത്താൻ യേശുനാഥനാണ്. യേശുനാഥന്റെ പ്രതിനിധിയാണ് പ. ബാവാതിരുമേനി. യേശുനാഥനിൽ ആശ്രയിച്ചുകൊണ്ട് പ. ബാവാതിരുമേനി നൽകുന്ന കല്പനകൾ അനുസരിക്കാൻ കടപ്പെട്ടവരാണ് മലങ്കര സഭാമക്കൾ. യേശുനാഥന്റെ പ്രതിനിധികളാണ് പുരോഹിതൻമാർ. പുരോഹിതൻമാരെ നാം ബഹുമാനിക്കണം. മഹാപുരോഹിതനായ പ. ബാവാതിരുമേനിയോട് ആദരവും അനുസരണവും ഉള്ളവരായി നാം വളരണം.

വി. സഭയാകുന്ന ഉദ്യാനത്തിന്റെ ഉടമസ്ഥൻ യേശുനാഥനാണെന്ന് കുഞ്ഞിച്ചായൻ ഒരിക്കൽ എഴുതിയത് നിങ്ങൾ ഓർമ്മിക്കുന്നുണ്ടോ? മലങ്കര സഭ സുന്ദരമായ ഒരുദ്യാനമാണ്. പുണ്യപുഷ്പങ്ങൾ വിടർന്നുനിൽക്കുന്ന സുന്ദരമായ ഒരു ഉദ്യാനം. യേശുനാഥൻ ഈ ഉദ്യാനത്തെ അളവററു സ്നേഹിക്കുന്നു. യേശുനാഥന്റെ പ്രതിനിധിയായ പ. ബാവാ തിരുമേനി ഉത്തമനായ ഉദ്യാനപാലകനാണ്.

യേശുനാഥന്റെ ആട്ടിൻകൂട്ടത്തിലെ അരുമകളായ ആടുകളാണ് നാം. ഈ ആട്ടിൻകൂട്ടത്തെ മേയിച്ചുഭരിക്കാൻ പ. ബാവാതിരുമേനിയെ യേശുനാഥൻ കല്പിച്ചാക്കിയിരിക്കുന്നു. തന്റെ ആലയിലെ ഒരാടുപോലും മോഷ്ടിക്കപ്പെടാൻ സ്നേഹസമ്പന്നനായ ആട്ടിടയൻ സമ്മതിക്കുകയില്ല. ഇരതേടി അലയുന്ന കാട്ടുമൃഗങ്ങളിൽനിന്നും തന്റെ ആടുകളെ രക്ഷിക്കുന്നവനാണ് യഥാർത്ഥ ആട്ടിടയൻ. സിംഹത്തിന്റെ വായിൽനിന്നും കുഞ്ഞാടിനെ രക്ഷിച്ച ഇടയബാലനായ ദാവീദിന്റെ കഥ കേൾക്കുമ്പോൾ നാം രോമാഞ്ചം കൊള്ളുന്നു.

നല്ല ഉദ്യാനപാലകനും, നല്ല ഇടയന്റെ നല്ല പ്രതിനിധിയുമായ പ. ബാവാതിരുമേനി സഭയുടെ വിശ്വാസപ്രമാണങ്ങളിൽ ആഴമായ അറിവും ഉറച്ച വിശ്വാസവുമുള്ള സഭാദ്ധ്യക്ഷൻ എന്ന നിലയിൽ ഇതര ക്രൈസ്തവ സഭാനേതാക്കളുടെ പോലും ആദരവ് നേടിയെടുത്തിരിക്കുന്നു.

ദൈവീകൽഞ്ഞാനം തുളുമ്പി ഒഴുകുന്ന ധീരഗംഭീരമായ ആ മന്ത്രനാദം കേൾക്കുകയും ചെയ്യുന്ന പ്രതീതി തോന്നും.

മൂന്നാം ഇതൾ കല്പനകളും സന്ദേശങ്ങളും ആകുന്നു. ഇടയന് അടുത്തതും ഭരണപരവുമായ വിവിധങ്ങളായ വിഷയങ്ങൾ പുരസ്കരിച്ചു പുറപ്പെടുവിച്ചിട്ടുള്ള കല്പനകളും ജനജീവിതത്തിലെ ചില സുപ്രധാന സന്ദർഭങ്ങളോടു അനുബന്ധമായി നൽകിയിട്ടുള്ള സന്ദേശങ്ങളും ഇതിലുണ്ട്. 'തങ്ങൾക്കു ലഭിച്ചിട്ടുള്ള സംസ്ക്കാരത്തിൻെറയും ധാർമ്മിക നേതൃത്വത്തിൻെറയും ദീപയഷ്ടി ഉയർത്തിപ്പിടിച്ച് കേരളത്തിനു വെളിച്ചം കാട്ടിക്കൊടുക്കുവാൻ ഇവിടത്തെ ക്രൈസ്തവർക്കു സാധിക്കും' എന്ന പ്രത്യാശയാണു കേരളപ്പിറവിയുടെ സന്ദേശത്തിൽ പ്രകടിപ്പിച്ചിരിക്കുന്നത്.

നാലാം ഭാഗം സൂക്തങ്ങളാണ്. 'ദുഃഖിതന് ആശ്വാസവും അശരണനു ശരണവും നിരാശ്രയന് ആശ്രയവും' അരുളിക്കൊണ്ട് മനുഷ്യമനസിൽ ചിരപ്രതിഷ്ഠ നേടുന്ന അനവദ്യസുന്ദരങ്ങളായ അനേകം സൂക്തങ്ങൾ പരിശുദ്ധ പിതാവിൻെറതായുണ്ട്. ഗ്രന്ഥങ്ങൾ എന്ന അഭിധാനം വഹിക്കുന്ന അഞ്ചാം ഇതളിൽ സഹദേൻമാരുടെ ചരിത്രം, മാർ യൂഹാനോൻ മാംദാനാ, പറുദൈസാ, രഹസ്യ പ്രാർത്ഥനകൾ എന്നീ ഗ്രന്ഥങ്ങൾ പരിശുദ്ധ പിതാവ് സുറിയാനിയിൽനിന്നു പരിഭാഷപ്പെടുത്തിയതായി പരാമർശിക്കുന്നു. എന്നാൽ 'രഹസ്യ പ്രാർത്ഥനകൾ' എന്ന ഒരു ഗ്രന്ഥം മാത്രമേ കൊടുത്തിരിക്കുന്നുള്ളു. അതിലെ ഭാഷ ലളിതവും പ്രസന്നവും ആയി അനുഭവപ്പെടും. ബാവായുടെ അന്ത്യരംഗവും അന്ത്യയാത്രയും വിവരിക്കുന്നതാണ് അനുബന്ധം.

പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ആൽമീയ ഔന്നത്യം കണ്ടറിയുകയും സഹവിശ്വാസികളായ സഹോദരങ്ങൾക്ക് അനുഭവവേദ്യമാക്കിക്കൊടുക്കുകയും ചെയ്യുന്ന ഉത്തമമായ സമുദായസേവനമാണ് ഈ ഗ്രന്ഥത്തിൻെറ നിർമ്മാണംകൊണ്ട് ഡോക്ടർ ചന്ദനപ്പള്ളി നിർവഹിച്ചിരിക്കുന്നത്. സഭാവിശ്വാസം പഠിക്കാനും അതിൽ അടിയുറച്ചു നിൽക്കാനും വിശ്വാസികളെയും, പഠന ക്ളാസുകളും ധ്യാനപ്രസംഗങ്ങളും കാര്യക്ഷമമായി നടത്താൻ പ്രബോധകൻമാരേയും സഹായിക്കുന്ന ഈ വിശിഷ്ടഗ്രന്ഥം ഓർത്തഡോക്സ് ഭവനങ്ങളിൽ ഒരു ആഡംബരമല്ല ആവശ്യംതന്നെ ആണെന്നു പ്രഖ്യാപിക്കാൻ ഞാൻ ധൈര്യപ്പെടുന്നു.

—പ്രൊഫ. എൻ. കെ. നൈനാൻ
(ശൂരനാട്)

ഈ വിശിഷ്ഠ ഗ്രന്ഥത്തിൻെറ കോപ്പികൾ കാതോലിക്കേററ് ഓഫീസിലും സഭാക ബുക്ക് സ്ററാളുകളിലും ലഭിക്കുന്നതാണ്. Book Post ആയി ലഭിക്കുന്നതിന് 26 രൂപ M. O. ആയി എത്രയുംവേഗം അയക്കുക. ഫാ. ററി. ജി. സഖറിയ, മാനേജർ, കാതോലിക്കേററ് ഓഫീസ്, കോട്ടയം-38.


## രോഗശാന്തിക്ക്



Jacob & Family, Bombay.

പരീക്ഷ പാസ്സാകുന്നതിനുവേണ്ടി



വർഗീസ്.





കുഞ്ഞനുജൻമാരെ കുഞ്ഞനുജത്തിമാരെ,

മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷപദം അലങ്കരിക്കുന്ന പ. ബസേലിയോസ് മാർത്തോമ്മാ മത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസിലേക്ക് ഈ മാസം (മാർച്ച്) 27-ാം തീയതി 80 വയസ് പൂർത്തിയാകുകയാണ്.

യേശുനാഥൻെറ പൂന്തോട്ടത്തിലെ ഓമനക്കിടാങ്ങളെ, നമ്മുടെ പ. ബാവാതിരുമേനിയുടെ ആയുരാരോഗ്യങ്ങൾക്കുവേണ്ടി നമുക്ക് ഒന്നുചേർന്ന് പ്രാർത്ഥിക്കാം. സ്നേഹസൗരഭ്യം പരത്തുന്ന ആശംസാപുഷ്പങ്ങൾ അദ്ദേഹത്തിനു തിരുമുൽക്കാഴ്ചയായി അർപ്പിക്കാം.



നല്ല നാവികനായ നസറായനാഥനിൽ അഭയം തേടിക്കൊണ്ട് മലങ്കരസഭയാകുന്ന പടകിനെ കടലോളങ്ങളിലൂടെ നയിക്കുന്ന വിശ്വാസവീരനാണ് നമ്മുടെ ബാവാതിരുമേനി.

വിശുദ്ധ സഭയാകുന്ന കപ്പലിൻെറ കപ്പിത്താൻ യേശുനാഥനാണ്. യേശുനാഥൻെറ പ്രതിനിധിയാണ് പ. ബാവാതിരുമേനി. യേശുനാഥനിൽ ആശ്രയിച്ചുകൊണ്ട് പ. ബാവാതിരുമേനി നൽകുന്ന കല്പനകൾ അനുസരിക്കാൻ കടപ്പെട്ടവരാണ് മലങ്കര സഭാമക്കൾ. യേശുനാഥൻെറ പ്രതിനിധികളാണ് പുരോഹിതൻമാർ. പുരോഹിതൻമാരെ നാം ബഹുമാനിക്കണം. മഹാപുരോഹിതനായ പ. ബാവാതിരുമേനിയോട് ആദരവും അനുസരണവും ഉള്ളവരായി നാം വളരണം.

വി. സഭയാകുന്ന ഉദ്യാനത്തിൻെറ ഉടമസ്ഥൻ യേശുനാഥനാണെന്ന് കുഞ്ഞിച്ചായൻ ഒരിക്കൽ എഴുതിയത് നിങ്ങൾ ഓർമ്മിക്കുന്നുണ്ടോ? മലങ്കര സഭ സുന്ദരമായ ഒരുദ്യാനമാണ്. പുണ്യപുഷ്പങ്ങൾ വിടർന്നുനിൽക്കുന്ന സുന്ദരമായ ഒരു ഉദ്യാനം. യേശുനാഥൻ ഈ ഉദ്യാനത്തെ അളവററു സ്നേഹിക്കുന്നു. യേശുനാഥൻെറ പ്രതിനിധിയായ പ. ബാവാ തിരുമേനി ഉത്തമനായ ഉദ്യാനപാലകനാണ്.

യേശുനാഥൻെറ ആട്ടിൻകൂട്ടത്തിലെ അരുമകളായ ആടുകളാണ് നാം. ഈ ആട്ടിൻകൂട്ടത്തെ മേയിച്ചുഭരിക്കാൻ പ. ബാവാതിരുമേനിയെ യേശുനാഥൻ കല്പിച്ചാക്കിയിരിക്കുന്നു. തൻെറ ആലയിലെ ഒരാടുപോലും മോഷ്ടിക്കപ്പെടാൻ സ്നേഹസമ്പന്നനായ ആട്ടിടയൻ സമ്മതിക്കുകയില്ല. ഇരതേടി അലയുന്ന കാട്ടുമൃഗങ്ങളിൽനിന്നും തൻെറ ആടുകളെ രക്ഷിക്കുന്നവനാണ് യഥാർത്ഥ ആട്ടിടയൻ. സിംഹത്തിൻെറ വായിൽനിന്നും കുഞ്ഞാടിനെ രക്ഷിച്ച ഇടയബാലനായ ദാവീദിൻെറ കഥ കേൾക്കുമ്പോൾ നാം രോമാഞ്ചം കൊള്ളുന്നു.

നല്ല ഉദ്യാനപാലകനും, നല്ല ഇടയൻെറ നല്ല പ്രതിനിധിയുമായ പ. ബാവാതിരുമേനി സഭയുടെ വിശ്വാസപ്രമാണങ്ങളിൽ ആഴമായ അറിവും ഉറച്ച വിശ്വാസവുമുള്ള സഭാദ്ധ്യക്ഷൻ എന്ന നിലയിൽ ഇതര ക്രൈസ്തവ സഭാനേതാക്കളുടെ പോലും ആദരവ് നേടിയെടുത്തിരിക്കുന്നു.

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണക്ക്




T. O. Thomas. Mr. and Mrs. P. T. Mathew, Bhilai.



ആപത്തിൽനിന്നും രക്ഷിച്ചതിന്. Liju Thomas. Reji Pampady.



ഒരു വിശ്വാസി, മല്ലപ്പള്ളി. താമസിച്ചതിനു ക്ഷമാപണം. ലിസ്, കോഴിക്കോട്. ലീനാ തോമസ്. ചെറിയാൻ അലക്സ്.



ഒരു വിശ്വാസി. അച്ചൻകുഞ്ഞ്. Binu Oommen, Kutch. K. M. Pappen & Family, U. S. A.



രുന്നുവെങ്കിൽ ഇന്ന് നമ്മുടെയിടയിൽ ക്രൈസ്തവരോ അക്രൈസ്തവരോ ആയ പഠവങ്ങൾ ഉണ്ടാകുമായിരുന്നില്ല. നോക്കൂ -ഈ ക്രിസ്ത്യാനികൾ എങ്ങനെ തമ്മിൽ തമ്മിൽ സ്നേഹിക്കുന്നു എന്ന് ആദിമക്രിസ്ത്യാനികളെപ്പററി പുറജാതിക്കാർ ആശ്ചര്യത്തോടെ പറഞ്ഞിരുന്നതുപോലെ; ഇന്ന് നമ്മുടെ ക്രൈസ്തവ ജീവിതത്തെ നോക്കി അന്യമതസ്ഥരോ എന്തിന് നാം തന്നെയോ പറയുമെന്ന് തോന്നുന്നുവോ?

### അല്പം സമ്മർദ്ദം ആവശ്യം

ഇവയെപ്പററി എല്ലാം ഉപദേശിക്കുവാൻ എളുപ്പമാണ്– പ്രവർത്തിപഥത്തിൽ കൊണ്ടുവരാൻ പ്രയാസമുണ്ട്. ആന്തരീകവും, ബാഹ്യവും നിർബന്ധിതവുമായ പല സമ്മർദ്ദങ്ങളിൽ കൂടി മാത്രമേ അല്പമായെങ്കിലും ഇക്കാര്യങ്ങൾ നമുക്ക് കഴിയുന്നുള്ളു. നന്മ ചെയ്യുന്ന കാര്യത്തിൽ അല്പസ്വല്പം സമ്മർദ്ദങ്ങളൊക്കെ ആയിക്കൂടെ. തള്ളിക്കയറി നന്മ പ്രവർത്തിക്കുന്നവരാകുക എന്ന് പല മതാചാര്യന്മാരും നമ്മെ ഉപദേശിക്കുന്നുണ്ട്.

അതിന്റെ അടിസ്ഥാനത്തിലാണ് നമ്മുടെ സഭയുടെ പ്രത്യേക പ്രവർത്തനങ്ങളായ വിദ്യാർത്ഥി പ്രസ്ഥാനം, യുവജനപ്രസ്ഥാനം, മർത്തമറിയം വനിതാ സമാജം, സൺഡേസ്കൂൾ, ഒ.വി. ബി. എസ്., ബാല സമാജം, ബാലികാ സമാജം, അനാഥസംരക്ഷണം, ആതുരസേവനം, സാമൂഹ്യക്ഷേമം തുടങ്ങിയവയെ നാം പ്രോത്സാഹിപ്പിക്കുന്നത്.

### കർത്തവ്യ നിർവ്വഹണം

പ്രത്യേകമായി കാതോലിക്കേററ് അരമന, പ. സുന്നഹദോസ് ഓഫീസ്, കാതോലിക്കേററ് ഓഫീസ്, ഭദ്രാസന ഓഫീസുകൾ, വൈദീക സെമിനാരി തുടങ്ങിയ സഭാ സംബന്ധമായി പ്രാധാന്യമുള്ള പ്രസ്ഥാനങ്ങൾ പ്രവർത്തിക്കുന്നത് സഭയ്ക്കു ഔദ്യോഗികമായി ഈ രംഗത്തുള്ള കർത്തവ്യ നിർവഹണത്തിനാണ്.

### പരിധി വയ്ക്കാത്ത ലക്ഷ്യം

ഇവയെല്ലാം സ്വയംഭൂവോ, സ്വയമേ വളരുന്നതോ ഒന്നുമല്ല. താല്പര്യപൂർവമായ ഭാവനയിൽ നിന്നും ഉടലെടുത്തും അനുദിനം പരിചരിച്ചും, ശുശ്രൂഷിക്കപ്പെട്ടും വളർത്തേണ്ടവയാണ് ഇവ ഓരോന്നും. ഇത് സഭാംഗങ്ങൾ എല്ലാവരുടെയും കൂട്ടായ ചുമതലയുമാണ്. ഇതിലേതെങ്കിലും ഒന്നിൽ മാത്രം പ്രവർത്തിച്ച് കൃതാർത്ഥരാകേണ്ടവരല്ല നാം. എല്ലായിടത്തും നമ്മുടെ സഹായ ഹസ്തം എത്തിയേ തീരൂ. അത് സാദ്ധ്യമാകുന്നത് ഇവയെല്ലാം ഒരു കേന്ദ്രത്തിന്റെ ഉദാരമായ സംഭാവനകൾ കൊണ്ട കെട്ടിപ്പടുക്കുവാൻ സൗകര്യമുണ്ടാകുമ്പോഴാണ്. ഇതാണ് കാതോലിക്കാദിനപ്പിരിവിന്റെ പ്രാധാന്യവും, പ്രയോജനവും വർദ്ധിക്കുന്ന ഒരു വശമായി നാം കാണേണ്ടത് ഏതെങ്കിലും പൊതു രംഗത്ത് പ്രവർത്തിക്കുന്ന ഒരു വ്യക്തിക്ക് അതിനുമാത്രമായ സംഭാവന നല്കി തന്റെ സേവന വ്യാപ്തി പരിമിതപ്പെടുത്താതെ കാതോലിക്കാദിന ഫണ്ടിലേക്ക് മൊത്തത്തിലുള്ള കാര്യമായ ഒരു സംഭാവന നൽകുകയും, അതിൽ നിന്ന് ഇവയ്ക്കെല്ലാം സഹായം എത്തിക്കുകയും ചെയ്യാൻ കഴിഞ്ഞാൽ ഓരോരുത്തർക്കും എല്ലാ രംഗത്തും ഫലപ്രദമായ സേവനം നല്കാൻ കഴിയും അതു സാധ്യമാകണമെങ്കിൽ ഈ ഫണ്ട് ആവശ്യത്തിനത്ര വലിയതായിരിക്കണം. 5 ലക്ഷമെന്നോ 10 ലക്ഷമെന്നോ പരിധി വയ്ക്കുന്നതിലർത്ഥമില്ല ആവശ്യങ്ങൾ അധികമാണ്. സഹായിക്കുന്നവർ ചുരുക്കവും. അതുകൊണ്ട് പരിധി വയ്ക്കാത്ത ഒരു ലക്ഷ്യം മുൻ നിർത്തി മുന്നേറാൻ നമുക്ക് കഴിയണം. ആ ലക്ഷ്യത്തോടെയാണ് കഴിഞ്ഞവർഷം പ. ബാവാ തിരുമനസുകൊണ്ട് ഒരു ദിവസത്തെ ശരാശരി വരുമാനം ഓരോരുത്തരും സംഭാവനചെയ്യണമെന്ന് നമ്മെ ആഹ്വാനം ചെയ്തത്. ആ ആഹ്വാനം അനുസരിച്ചിരുന്നുവെങ്കിൽ 86–ലെ ടാർജററ് 10 ലക്ഷം അല്ലായിരുന്നു ആകുന്നത്. 87-ലെ ടാർജററ് നിശ്ചയിക്കുന്നതിനു മുമ്പേ പ. ബാവാ തിരുമനസിലെ നിർദ്ദേശം ആകമാനമായി ഒന്നു പരിശോധിച്ചു നോക്കാം. നമ്മുടെ സഭയിലെ 20 ലക്ഷത്തോളം ജനങ്ങൾ ശരാശരി ഒരു രൂപാ സംഭാവന ചെയ്താൽ തന്നെ ലക്ഷ്യം 20 ലക്ഷമാകും. ഇൻഡ്യയിലെ സാധാരണക്കാരന്റെ ഇപ്പോഴത്തെ ശരാശരിവരുമാനം 20 രൂപായിൽ കൂടുതലാണ്. നമ്മുടെ സഭാംഗങ്ങളും അക്കൂട്ടത്തിൽ പെടുന്നവരാണല്ലോ. നമ്മുടെ ശരാശരി വരുമാനം കണക്കാക്കിയാൽ പ. ബാവാ തിരുമനസിലെ ആഹ്വാനം നമ്മെ എത്തിക്കുന്നത് 20 ലക്ഷം × 20 = 400 ലക്ഷത്തിലായിരിക്കും അതായത് 4 കോടി. നാം ഉന്നംവെച്ച 10 1/2 ലക്ഷം എവിടെ 400 ലക്ഷം എവിടെ?

### 365–ൽ ഒന്നുമാത്രം

ഒരു ദിവസത്തെ വരുമാനം എന്നു പറയുന്നത് നമ്മുടെ ആകെ സമ്പാദ്യശേഷിയുടെ എത്ര നിസാരമായ ഒരു അംശമാണ്. ഒരു കാലത്ത് ക്രൈസ്തവർ അവരുടെ ആകെ വരുമാനത്തിന്റെ 1/10 നിർബന്ധിതമായി സഭാകാര്യത്തിന് നൽകണ

മെന്ന് ആവശ്യപ്പെട്ടിരുന്നു. പലരും അത് അനുസരിച്ചു. ഒരുപക്ഷെ കഠിനഹൃദയരൊ, കപടഹൃദയരൊ ആയ ചിലരൊ, പലരൊ അത് അനുസരിക്കാതെയും ഇരുന്നിരിക്കാം. വേദനാജനകമായ ഈ അനുഭവങ്ങൾ കണ്ട് മനസ് മടുത്തിട്ടായിരിക്കാം സഭാധികാരികൾ ആ നിയമം ഊർജിതമായി പിൽക്കാലങ്ങളിൽ നിലനിർത്തുവാൻ തുനിയാതിരുന്നത്. എങ്കിലും ചില മതവിഭാഗങ്ങൾ ഇപ്പോഴും അതിന് നിയമപ്രാബല്യം നൽകുന്നുണ്ട്. പല വ്യക്തികളും ഇന്ന് അക്ഷരശ കണിശമായി പാലിക്കുന്നവരുമാണ്. പത്തു തേങ്ങാ ലഭിച്ചാൽ ഒന്നു പള്ളിക്ക്, പത്തു മുട്ട ലഭിച്ചാൽ ഒന്നു പള്ളിക്ക്, 1000 രൂപാ ലഭിച്ചാൽ 100 രൂപാ പള്ളിക്ക് എന്ന നിഷ്കർഷതയോടുകൂടി ജീവിക്കുന്ന പലരെയും സഭാവിഭാഗങ്ങളിൽ ഞാൻ കണ്ടിട്ടുണ്ട്. എങ്കിൽ ആണ്ടിൽ ഒരു ദിവസത്തെ വരുമാനം സഭാവശ്യത്തിനായി തരണമെന്ന് പറയുന്നത് 1/10 എന്ന മുൻ നിയമത്തിന്റെ എത്രയോ കുറവായ ഒരംശമാണ്. 1/10-നു പകരം 365–ൽ ഒന്ന് എന്ന കണക്കിനു മാത്രമെ ഇന്ന് നമ്മോട് ആവശ്യപ്പെടുന്നുള്ളു. ശതമാനക്കണക്കു പറഞ്ഞാൽ പ. ബാവാ തിരുമനസിലെ ആഹ്വാനം കാൽ ശതമാനത്തിനടുത്തു മാത്രമെ വരുന്നുള്ളു. ഇത് അത്ര വലിയ ഒരു ത്യാഗമാണൊ എന്ന് നാം മനസിരുത്തി ആലോചിക്കണം.

### നമ്മുടെ കടമ

നാം ഓരോരുത്തരും നമ്മുടെ ഒരു ദിവസത്തെ ശരാശരി വരുമാനം ദൈവത്തിനുവേണ്ടി അർപ്പിക്കണമെന്ന് ആഹ്വാനം ചെയ്യപ്പെട്ടിരിക്കുകയാണ്. നമ്മുടെ സഭാംഗങ്ങളിൽ അഞ്ചിലൊന്നു പേരക്കു മാത്രമെ എന്തെങ്കിലും വരുമാനശേഷി ഉള്ളെന്നു കരുതിയാലും 4 ലക്ഷം പേരുടെ പ്രതിദിന വരുമാനം എത്ര വലിയ ഒരു സംഖ്യയായിരിക്കും. ഇന്ന് വെറുമൊരു കൂലിക്കാരനുപോലും 30–35 രൂപ വേതനം ലഭിക്കുന്നു. നൂറു കണക്കിന് രൂപാ പ്രതിദിന വരുമാനമായി ലഭിക്കുന്നവരുടെ സംഖ്യ താരതമ്യേന കുറവാണെങ്കിലും അത്ര മോശമൊന്നുമല്ലെന്ന് നമുക്കറിയാം. അപ്പോൾ ശരാശരി പ്രതിദിന പ്രതിശീർഷ വരുമാനം 5 രൂപാ മാത്രമോ, 10 രൂപാ മാത്രമോ ആണെന്ന് ആരെങ്കിലും കരുതുകയൊ പറയുകയൊ അങ്ങനെയുള്ള സംഭാവന നൽകുകയൊ ചെയ്താൽ അതൊരു ആത്മവഞ്ചന ആയിരിക്കുകയില്ലെ? ആത്മവഞ്ചന മാത്രമോ, ദൈവവഞ്ചന പോലുമാകുകയില്ലെ? വി. പൌലോസ് അപ്പസ്തോലൻ ഗലാത്യർക്കെഴുതിയ ലേഖനം ആറാം അദ്ധ്യായം ഏഴാം വാക്യത്തിൽ പറയുന്നത് ശ്രദ്ധിക്കുക. 'വഞ്ചനപ്പെടാതിരിപ്പിൻ, ദൈവത്തെ പരിഹസിച്ചുകൂടാ. മനുഷ്യൻ വിതയ്ക്കുന്നതുതന്നെ കൊയ്യും.' പലപ്പോഴും നാം ആ കാര്യം ഓർക്കാറില്ല. നമ്മുടെ നാട്യം ദൈവം കാണുന്നില്ലെന്നോ അറിയുന്നില്ലെന്നോ? അതിനോട് പ്രതികരിക്കുന്നില്ലല്ലൊ എന്നാണ് നമ്മുടെ ഭാവം. എത്ര നിർഭാഗ്യകരമായ അവസ്ഥ. അതുകൊണ്ട് പ്രിയ സഹോദരരെ, നമുക്കു ആത്മാർത്ഥതയോടുകൂടി പെരുമാറാം. വഞ്ചിപ്പിക്കുവാൻ കഴിയാത്ത ദൈവത്തിന്റെ മുമ്പിൽ തുറന്ന മനസുകളും, തുറന്ന മടിശീലകളും, നിളുന്ന കൈകളുമായി നമുക്ക് നിൽക്കാം. ഈ വർഷത്തെ കാതോലിക്കാദിനപ്പിരിവിനെ നേരിടുന്ന മനസ്ഥിതി ഇതായിരിക്കട്ടെ.

### പ്രസംഗത്തേക്കാൾ പ്രവർത്തനം ആവശ്യം

അങ്ങനെ നാം സത്യസന്ധമായി ഒരു ദിവസത്തെ നമ്മുടെ സമ്പാദ്യം ദൈവത്തിനായി സമർപ്പിച്ചാൽ ഈ വർഷത്തെ നമ്മുടെ ടാർജററ് എത്ര ഭീമമായിരിക്കും എന്ന് പ്രവചിക്കുവാൻ എനിക്ക് കഴിയുകയില്ല. ഞാനതിന് മുതിരുന്നില്ല. എങ്കിലും അത് കുറഞ്ഞത് 150 ലക്ഷം എങ്കിലും ആകാതിരിക്കുകയില്ല. അതുകൊണ്ട് ഈ വർഷത്തെ നമ്മുടെ ലക്ഷ്യം ക്ളിപ്തമായി പരിമിതപ്പെടുത്താതെ ഒരു ദിവസത്തെ എന്റെ വരുമാനത്തിന് അപ്പുറമായിരിക്കണം എന്നു പറഞ്ഞുകൊണ്ട് നമുക്ക് പരിശ്രമിച്ചു തുടങ്ങാം. ഇത്രയും സംഖ്യ സഭാപ്രവർത്തനങ്ങൾക്കും സാധുജന സംരക്ഷണത്തിനുമായി ഒരു മൂലധനമെന്നപോലെ സംഭരിച്ച് സൂക്ഷിക്കുകയല്ല നമ്മുടെ ലക്ഷ്യം. പിന്നെയോ അത് നമ്മുടെ സഹോദരങ്ങളായ പാവങ്ങൾക്ക് പ്രയോജനപ്പെടുത്തി നമ്മുടെ ക്രൈസ്തവസ്നേഹം പ്രായോഗികതലത്തിൽ പ്രദർശിപ്പിക്കുക എന്നതാണ്. സന്മാതൃകകൾ അതിവേഗം പ്രചരിക്കുന്നവയും, മററുള്ളവരെ പ്രോത്സാഹിപ്പിക്കുന്നവയും ആകുന്നു. ഓരോ ദിവസവും വർദ്ധിച്ചുവരുന്ന ധാർമ്മികച്യുതിയെ തടയുവാൻ ക്രൈസ്തവരായ നമുക്ക് കഴിയുന്നത് അധരസേവനം വഴി — ഉപദേശം വഴി — പ്രസിദ്ധീകരണങ്ങൾ വഴി — എന്നതിനേക്കാൾ കൂടുതലായി ഈ പ്രവർത്തനരംഗത്തുകൂടിയായിരിക്കണം. അതാണ് കാലത്തിന്റെ ചുവരെഴുത്ത് മനസിലാക്കി പ്രവർത്തിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്ന ഒരു വലിയ അവസരമായി കാതോലിക്കാദിനത്തെ നോക്കിക്കാണണമെന്ന് അഭ്യർത്ഥിക്കുന്നത്.

—o—

മദ്ധ്യസ്ഥതയാൽ
ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിന്



Omana Jacob, Shahdol

# സഭാ വാർത്തകൾ

### ജന്മശതാബ്ദി ആഘോഷിക്കുന്നു.



കാലംചെയ്ത തോമ്മാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 100–ാം ജന്മദിനമായ 1987 ജൂൺ 8–ാം തീയതി അദ്ദേഹത്തിന്റെ ജന്മശതാബ്ധി വിവിധ പരിപാടികളോടുകൂടി ആഘോഷപൂർവ്വം അദ്ദേഹം കബറടങ്ങിയിരിക്കുന്ന പത്തനാപുരം താബോർ ദയറായിൽ കൊണ്ടാടുന്നതിന് പത്തനാപുരത്ത് തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേർന്ന ആലോചനായോഗം തീരുമാനിച്ചിരിക്കുന്നു.

ജന്മദിനത്തോടനുബന്ധിച്ച് ജൂൺ 6ാം തീയതി പത്തുമണിക്ക് ഒരു സിമ്പോസിയവും ഏഴാം തീയതി മൂന്നുമണിക്ക് മത സാംസ്ക്കാരി സമ്മേളനവും എട്ടാം തീയതി രാവിലെ വി. കുർബാനയ്ക്കുശേഷം പത്തുമണിക്ക് വിദ്യാഭ്യാസ സമ്മേളനവും ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് പൊതുസമ്മേളനവും നഷ്ടപ്പെടും. ശതാബ്ദി സ്മാരകമായി ഒരു സോവനീർ പ്രസിദ്ധപ്പെടുത്തുന്നതിനും തിരുമനസിലെ ജീവചരിത്രപുസ്തകം അന്ന് പ്രകാശനം ചെയ്യുന്നതിനും ഓർത്തഡോക്സ് സഭാംഗങ്ങളായ കോളേജു വിദ്യാർത്ഥികളെയും ഹൈസ്ക്കൂൾ വിദ്യാർത്ഥികളെയും സംബന്ധിപ്പിച്ച് ഒരു പ്രസംഗമൽസരം നടത്തുന്നതിനും വിവിധ മതസ്ഥരായ 100 പാവപ്പെട്ടവർക്ക് വസ്ത്രങ്ങൾ നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ഈ പരിപാടികളുടെ സുഗമമായ നടത്തിപ്പിന് തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ പേട്രനും സഖറിയാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ പ്രസിഡൻറും, എൻ. ജെ. തോമസ് റമ്പാൻ, സി. ഒ. യോഹന്നാൻ റമ്പാൻ, സി. ററി. ഐസക്ക് റമ്പാൻ എന്നിവർ വൈസ് പ്രസിഡണ്ടുമാരായും ഫാ. ററി. എം. ശമുവേൽ ജനറൽ കൺവീനറായും, ഫാ. കെ. ഏ. ഏബ്രഹാം, ഫാ. ഏലിയാസ് കോശി, ഫാ. ഓ. പി. ഏബ്രഹാം, ഫാ. ജോസ്, ഫാ. ജെ. ചെറിയാൻ, ഫാ. പോൾ, ഫാ. പീററർ, ഫാ. ററി. ജി. സഖറിയ, ശ്രീ. പോൾ മണലിൽ എന്നിവർ കൺവീനർമാരായും വിവിധ കമ്മററികൾ രൂപീകരിച്ചു.

### ഭദ്രാസന ഓഫീസ്

കോട്ടയം ഭദ്രാസന ഓഫീസിനുവേണ്ടി ഈരേക്കടവിനു സമീപം വാങ്ങിയ ആധുനിക സൗകര്യങ്ങളോടുകൂടിയ ഇരുനില കെട്ടിടത്തിന്റെ കൂദാശ ജനുവരി 4–ാം തീയതി 4 മണിക്ക് പ. കാതോലിക്കാബാവാ തിരുമനസുകൊണ്ട് ഗീവറുഗീസ് മാർ ഈവാനിയോസ്, തോമസ് മാർ അത്താനാസ്യോസ് എന്നീ തിരുമേനിമാരുടെ സാന്നിദ്ധ്യത്തിൽ നിർവഹിച്ചു. ഗണ്യമായ തുക വിലമതിക്കാവുന്ന ഈ കെട്ടിടവും, 82 സെൻറ് സ്ഥലവും ഒരു സഭാസ്നേഹി മിതമായ വിലയ്ക്ക് ഭദ്രാസനത്തിന് നൽകിയതാണ്. പുണ്യചരിതനായ പാമ്പാടി തിരുമേനിയുടെ നാമത്തിൽ വാങ്ങിയ ഈ കെട്ടിടത്തിൽ എം. ഡി. സെമിനാരിയിലുണ്ടായിരുന്ന ഭദ്രാസന

നിർവഹിച്ചു. ഫാ. ബർത്തലോമായി ജോർജ്, ഫാ. ജെ. വർഗീസ് കായംകുളം, ഫാ. വി. എം. ജയിംസ് എന്നിവർ ക്ലാസെടുത്തു. ഡി. ഒ. പി. വർഗീസ് ചർച്ച നയിച്ചു. അഭിവന്ദ്യ മാത്യൂസ് മാർ എപ്പിപ്പാനിയോസ് എപ്പിസ്കോപ്പാ അദ്ധ്യക്ഷം വഹിച്ച സമ്മേളനത്തിൽ ഫാ. കെ. ററി. വർഗീസ്, ഫാ. കെ. ഒ. ഗീവർഗീസ് എന്നിവർ പ്രസംഗിച്ചു. ശ്രീ. ഡാനിയേൽ സ്വാഗതവും ജോൺ മാത്യു കൃതജ്ഞതയും പറഞ്ഞു.

ശ്രീ. ഓ. ഡാനിയേൽ. വി. എസ്. യോഹന്നാൻ എന്നിവർ യുവജനപ്രസ്ഥാനം കേന്ദ്ര കമ്മററി അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ടു.

## സണ്ടേസ്കൂൾ മത്സര പരീക്ഷാ വിജയികൾ

1986 ഡിസംബറിൽ അഖില മലങ്കരാടിസ്ഥാനത്തിൽ നടത്തിയ സണ്ടേസ്കൂൾ മൽസര പരീക്ഷകളിൽ ഒന്നാമതും രണ്ടാമതും വിജയിച്ചവരുടെ പേരുവിവരമാണ് ചുവടെ ചേർക്കുന്നത്.

ക്ലാസ് V

1. മീരാ കെ. ററി. (മാർ ഗ്രീഗോറിയോസ് സണ്ടേസ്കൂൾ മങ്ങാട്ട് കുന്നംകുളം)

2. കുര്യൻ. എം. ററി. (സെ. ജോർജ്ജ് സണ്ടേസ്കൂൾ കോളിത്താട്ട് ബത്തേരി)

ക്ലാസ് VI

1. മിനി. സി. ജോർജ്ജ് (സെ. തോമസ് സണ്ടേസ്കൂൾ മീനടം കോട്ടയം)

2. അനിഷ് വറുഗീസ് സെ. തോമസ് സണ്ടേസ്കൂൾ വെള്ളൂക്കുട്ട കോട്ടയം)

ക്ലാസ് VII

1. മിനി. എം (സെ. ബഹനാൻ സണ്ടേസ്കൂൾ ആദിച്ചനല്ലൂർ തിരുവനന്തപുരം)

2. ഇന്ദു. കെ. (സെ. ജോർജ്ജ് സണ്ടേസ്ക്കൂൾ കുന്നിക്കോട് കൊല്ലം)

ക്ലാസ് VIII

1. അനിൽ മാത്യു (സെ. ജോർജ്ജ് സണ്ടേസ്കൂൾ കൈപ്പട്ടൂർ തുമ്പമൺ)

2. ഷാനി. പി. കൊച്ചുണ്ണി (മാർ ഗ്രീഗോറിയോസ് സണ്ടേസ്കൂൾ മങ്ങാട്ട് കുന്നംകുളം)

ക്ലാസ് IX

1. സൂസൻ ജോർജ്ജ് (സെ. സ്ററീഫൻസ് സണ്ടേസ്കൂൾ കുടശ്ശനാട് ചെങ്ങന്നൂർ)

2. സുനി. വറുഗീസ് (സെ. ജോർജ്ജ് സണ്ടേസ്കൂൾ ആറാട്ടുപുഴ ചെങ്ങന്നൂർ)

ക്ലാസ് X

1. അനിൽ പുന്നൂസ് (സെ. ജോർജ്ജ് സണ്ടേസ്കൂൾ മണലേൽ കോട്ടയം)

2. കുര്യൻ പുന്നൂസ് (മാർ ബസേലിയോസ് സണ്ടേസ്കൂൾ കുറിച്ചി കോട്ടയം)

## അനാച്ഛാദനം ചെയ്തു

പാലക്കാട് സെ. പോൾസ് മിഷന്റെ നേതൃത്വം വഹിക്കുകയും സെ. പോൾസ് സ്കൂളുകളുടെ മാനേജിംഗ് ഡയറക്ടറായി കാലം ചെയ്യുന്നതുവരെയും സേവനം അനുഷ്ഠിക്കുകയും ചെയ്തുവന്ന യാക്കോബ് മാർ പോളികാർപ്പസ് മെത്രാപ്പോലീത്തായുടെ എണ്ണച്ഛായാപടം സെ. പോൾസ് സ്കൂളുകളുടെ ഹെഡോഫീസായ കൊല്ലങ്കോട് സഹ്യഗിരി പാലസ് ഓഫീസിൽ 28–1–87 ന് വൈകുന്നേരം 3 മണിക്കു കൂടിയ യോഗത്തിൽ സ്കൂൾ രക്ഷാകർതൃസമിതി കൺവീനർ ശ്രീ. മൊയ്തീൻ ഹാജി അനാച്ഛാദനം ചെയ്തു. തദവസരത്തിൽ തോമസ് മാർ തിമോത്തിയോസ്, സക്കറിയാ മാർ ദിവന്നാസിയോസ് എന്നീ മെത്രാപ്പോലീത്തന്മാരും പ്രസംഗിച്ചു. ഫാ. എസ്. പോൾ സ്വാഗതവും ഫാ. വി. കെ. ജോൺ കൃതജ്ഞതയും പറഞ്ഞു.


## MATRIMONIAL

"Matrimonial Correspondences are invited for an Indian Orthodox X'an, Resident of New Jersy, U. S. A, aged 50 years, settled with children, from matured & qualified professional candidates (widows etc) such as Teachers, Accountants, Engineering personals, Medical Personals etc. aged around 45 years from reputed X'an families residing in U. S. A., Kerala India or Outside India for immediate consideration.

Please report to Box No. 151
C/o. Malankara Sabha, Kottayam-686 038, India.


## എം. ററി. എച്ച്. കോഴ്സിന് അപേക്ഷകൾ ക്ഷണിക്കുന്നു

ഓർത്തഡോക്സ്, മാർത്തോമ്മാ, സി. എസ്. ഐ. സെമിനാരികൾ ഏകോപിച്ചുള്ള ഫെഡറേററഡ് ഫാക്കൽററിയുടെ കീഴിൽ പഴയനിയമം, പുതിയനിയമം, തിയോളജി, സഭാചരിത്രം എന്നി വിഷയങ്ങളിൽ എം. ററി. എച്ച്. കോഴ്സിന് പഠിക്കുന്നതിന് യോഗ്യതയുള്ള ഓർത്തഡോക്സ് സഭാംഗങ്ങളിൽനിന്നും അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നു. അർഹരായ രണ്ടുപേർക്ക് ഓർത്തഡോക്സ് സെമിനാരിയിൽനിന്നും സ്കോളർഷിപ്പ് ലഭിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്കും അപേക്ഷാഫോറത്തിനും പ്രോസ്പെക്ടസിനും എഴുതുക.

Rev. Dr. V. P. Varghese, Registrar,
F. F. R. R. C., Orthodox Seminary,
P. B. 98, Kottayam 686 001.

## ആവശ്യമുണ്ട്

ബൈബിൾ സൊസൈററി ഓഫ് ഇന്ത്യയുടെ കോട്ടയം ഓഫീസിൽ നൈററ് വാച്ച്മാനായി താഴെ പറയുന്ന യോഗ്യതകളുള്ള ഒരാളെ ആവശ്യമുണ്ട്. അതിലേക്ക് ക്രിസ്തീയ വിശ്വാസികളിൽനിന്നും അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു.

വയസ് : 25 നും 40 നും മദ്ധ്യേ.

എഴുത്തും വായനയും അറിഞ്ഞിരിക്കണം.

നിയമിക്കപ്പെടുന്ന ആൾക്ക് പ്രാരംഭത്തിൽ എല്ലാ അലവൻസുകളും ഉൾപ്പെടെ 660 രൂപാ ശമ്പളം ലഭിക്കുന്നതാണ്. താല്പര്യമുള്ളവർ 15–4–1987 ന് മുമ്പായി താഴെ പറയുന്ന മേൽവിലാസത്തിൽ അപേക്ഷകൾ അയച്ചിരിക്കണം. അപേക്ഷയോടൊപ്പം ഇടവക വികാരിയുടെയും (സഭയിലെ പാസ്റററുടേയോ) സ്ഥലത്തെ മാന്യനായ ഒരാളുടെയും കോൺടക്ട് സർട്ടിഫിക്കററും അയച്ചിരിക്കേണ്ടതാണ്.

സെക്രട്ടറി, ബൈബിൾ സൊസൈററി ഓഫ് ഇന്ത്യ, പി. ബി. 114, കോട്ടയം–686 001.



## അപേക്ഷകൾ ക്ഷണിക്കുന്നു

മാവേലിക്കര സെൻറ് പോൾസ് മിഷൻ ട്രെയിനിംഗ് സെൻററിൽ നടത്തിവരുന്ന ത്രിവൽസര മിഷൻ പരിശീലന കോഴ്സിന്റെ ജൂണിൽ ആരംഭിച്ചിരിക്കുന്ന അഞ്ചാം ബാച്ചിലേക്കുള്ള പ്രവേശനത്തിന് പ്രീഡിഗ്രി പഠനയോഗ്യതയുള്ളവരും 18 വയസു തികഞ്ഞവരും ദൈവവിളിയും അർപ്പണബോധവുമുള്ളവരും ദൈവവേല ആഗ്രഹിക്കുന്നവരുമായ ഓർത്തഡോക്സ് യുവാക്കളിൽനിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷാഫോറത്തിനും പ്രോസ്പെക്ടസിനും 'ദി പ്രിൻസിപ്പാൾ, സെൻറ് പോൾസ് മിഷൻ ട്രെയിനിംഗ് സെൻറർ, മാവേലിക്കര–690 103' എന്ന വിലാസത്തിൽ 5 രൂപ M. O. അയച്ച് ആവശ്യപ്പെടുക.

## ബസ്ക്യാമ്മമാരുടെ സമ്മേളനം

അഖില മലങ്കര അടിസ്ഥാനത്തിൽ ബസ്ക്യാമ്മമാരുടെ ഒരു ഏകദിനസമ്മേളനം 1987 മാർച്ച് 28–ാം തീയതി ശനിയാഴ്ച പരുമല സെമിനാരിയിൽവച്ചു നടത്തപ്പെടുന്നു. സമയം രാവിലെ 10 മുതൽ 3 വരെ ആയിരിക്കും. ക്ലാസ് എടുക്കുന്നത് മാർ ഒസ്താത്തിയോസ് തിരുമേനിയും പ്രസംഗക പ്രൊഫ. മേരി തോമസും ആയിരിക്കും.


### Form IV
### MALANKARA SABHA

| | | |
|---|---|---|
| 1 | Place of Publication | Kottayam |
| 2 | Periodicity | Monthly |
| 3 | Printer's Name<br>Whether citizen of India—Yes<br>Address | Rev. Fr. T. G. Zacharia<br><br>Catholicate Aramana<br>Kottayam-686 038 |
| 4 | Publisher<br>Address | Rev. Fr. T. G. Zacharia<br>Item No. 4. |
| 5 | Editor's Name<br>Whether citizen of India—Yes<br>Address | Very Rev. Dr. N. J. Thomas Ramban<br><br>Item No. 4 |
| 6 | Name and address of the owner | The Orthodox Viswasa Paripalana Samathy, Devalokam. Kottayam-686 038 |

I, Rev. Fr. T. G. Zacharia hereby declare that the particulars given above are true to the best of my knowledge and belief.

Dated 28-2-1987 Fr. T. G. Zacharia

## തൃശിനാപ്പള്ളി യൂണിററ് ഉൽഘാടനം

മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥിപ്രസ്ഥാനം തൃശിനാപ്പള്ളി കോളേജ്–ഹൈസ്ക്കൂൾ വിഭാഗങ്ങളുടെ യൂണിററ് ഉൽഘാടനം ജനുവരി 26–ാം തീയതി തിങ്കളാഴ്ച തൃശിനാപ്പള്ളി പൊന്നയ്യാ ഹയർ സെക്കൻററി സ്ക്കൂളിൽ പ്രിൻസിപ്പാൾ ഫാ. പി. എം. ചെറിയാൻെറ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ച് വെ. റവ. സി. ററി. ഐസക്ക് റമ്പാൻ ഭദ്രദീപം കൊളുത്തി നിർവഹിച്ചു. യോഗത്തിൽ ഡീക്കൻ എം. സി. ചെറിയാൻ, ഡീക്കൻ തോമസ് കുര്യൻ, കെ. പി. ചെറിയാൻ, ഷൈനി ജോൺ എന്നിവർ പ്രസംഗിച്ചു. തൃശിനാപ്പള്ളി യൂണിററിൻെറ ശാഖാ ഭാരവാഹികളായി വെ. റവ. ഐസക്ക് റമ്പാൻ, ഫാ. സ്ളീബാ കെ. ഏബ്രഹാം, നൈനാൻ ജോസഫ്, പി. ഓ. ഏബ്രഹാം എന്നിവരെ തെരഞ്ഞെടുത്തു. വിദ്യാർത്ഥീ വിദ്യാർത്ഥിനികളുടെ വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു. യോഗത്തിൽ റവ. ഫാ. സ്ളീബാ കെ. ഏബ്രഹാം സ്വാഗതവും നൈനാൻ ജോസഫ് കൃതജ്ഞതയും പ്രകാശിപ്പിച്ചു.

## ഉപന്യാസ മൽസരം

ഫെഡറേറഡ് ഫാക്കൽററി ഫോർ റിസേർച്ച് കേരളായുടെ ആഭിമുഖ്യത്തിൽ 'സ്ത്രീകളുടെ അവകാശ സംരക്ഷണത്തിനുള്ള നിയമനിർമ്മാണം ഇന്ത്യയിൽ' എന്ന വിഷയത്തെപ്പററി ഒരു ഉപന്യാസ മൽസരം നടത്തുന്നതാണ്. 5000 വാക്കിൽ കുറയാതെയും 7000 വാക്കിൽ കവിയാതെയും ഇംഗ്ളീഷിലൊ മലയാളത്തിലൊ പ്രബന്ധം എഴുതാവുന്നതാണ്. പ്രശംസനീയമായി ഒന്നാം സ്ഥാനം നേടുന്ന ആളിന് കാഷ് അവാർഡ് നൽകും.

കൂടുതൽ വിവരങ്ങൾക്ക്, രജിസ്ട്രാർ, എഫ്. എഫ്. ആർ. ആർ. സി, ഓർത്തഡോക്സ് സെമിനാരി, പി. ബി. 98, കോട്ടയം–686 001 എന്ന വിലാസത്തിൽ എഴുതുക.

## യാത്രയയപ്പ്

ബോംബെ ഭദ്രാസനത്തിൽ ഉൾപ്പെട്ട അംബർനാഥ് സെൻറ് ഗ്രീഗോറിയോസ് ഇടവക വികാരിയായി മൂന്നര വർഷം സ്തുത്യർഹമായി സേവനം അനുഷ്ഠിച്ചശേഷം ഡോംബിവിലി, സാക്കിനാക്ക എന്നീ ഇടവകകളിലേക്ക് സ്ഥലംമാറി പോകുന്ന ഫാ. പി. ജെ. ജയിംസിന് അംബർനാഥ് ഇടവക യാത്രയയപ്പ് നൽകി. പള്ളിഹാളിൽ ചേർന്ന യോഗത്തിൽ പുതിയ വികാരിയായ ഫാ. തോമസ് കുര്യൻ അദ്ധ്യക്ഷത വഹിച്ചു. ഇടവകയെ പ്രതിനിധീകരിച്ച് രണ്ടുപേർ പ്രസംഗിച്ചു. തദവസരത്തിൽ സെക്രട്ടറി പണക്കിഴി നൽകുകയും ചെയ്തു. തുടർന്ന് അച്ചൻ സമുചിതമായ മറുപടി പ്രസംഗം ചെയ്തു.

വർഗീസ് പോൾ



കോഴിക്കോട്ട് നടന്ന സംസ്ഥാന സ്ക്കൂൾ യുവജനോൽസവത്തിൽ ഇംഗ്ളീഷ് പദ്യംചൊല്ലലിന് 3–ാം റാങ്കും A ഗ്രേഡും നേടിയ വർഗീസ് പോൾ. കോട്ടയം എം. ഡി. സെമിനാരി ഹൈസ്ക്കൂൾ 10–ാം സ്ററാൻേറർഡ് വിദ്യാർത്ഥിയായ വർഗീസ് പോൾ ബസേലിയോസ് കോളേജ് പ്രൊഫസർമാരായ ഫാ. കെ. വി. പൗലോസിൻെറയും മിസിസ് എലിസബത്ത് പൗലോസിൻെറയും മകനാണ്.

മലങ്കരസഭ മാസികയുടെ ഒരു ആയുഷ്ക്കാല മെമ്പർ കൂടിയായ വർഗീസ് പോളിന് മലങ്കരസഭയുടെ അഭിനന്ദനങ്ങൾ.

## കൺവൻഷൻ സപ്തതി

പത്തനംതിട്ട: മലങ്കര ഓർത്തഡോക്സ് സഭയിലെ ഏററവും വലിയ കൺവൻഷനായ മദ്ധ്യതിരുവിതാംകൂർ ഓർത്തഡോക്സ് കൺവൻഷൻെറ 70–ാമതു വാർഷികം ഫെബ്രുവരി 8 മുതൽ 15 വരെ മാക്കാംകുന്ന് സെൻറ് സ്ററീഫൻസ് കത്തീഡ്രൽ അങ്കണത്തിൽ വിവിധ പരിപാടികളോടെ ആഘോഷിച്ചു.

8–ാം തീയതി ഞായറാഴ്ച കത്തീഡ്രലിൽ ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസ് തിരുമനസിലെ പ്രധാന കാർമ്മികത്വത്തിൽ വി. മൂന്നിൻമേൽ കുർബാന നടന്നു. 11 മണിക്ക് തിരുമേനി കൺവൻഷൻെറ സപ്തതിയുടെ ആഘോഷങ്ങൾ ഉൽഘാടനം ചെയ്തു. 3 മണിക്ക് ഭദ്രാസനാധിപൻ അഭിവന്ദ്യ പീലക്സിനോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഭദ്രാസന സണ്ടേസ്ക്കൂൾ സമ്മേളനത്തിൽ ഡോ. സാമുവൽ ചന്ദനപ്പള്ളി, കെ. എം. മാത്യു (തിരുവല്ല) എന്നിവർ പ്രസംഗിച്ചു. രാത്രി ഫാ. അലക്സാണ്ടർ ജോർജ് പ്രസംഗിച്ചു. ഫെബ്രുവരി 9 ന് രാവിലെ ഡീക്കൻ ഏബ്രഹാം ജോർജ് കുട്ടികൾക്കു വേണ്ടിയുള്ള ക്ളാസ് എടുത്തു. തുടർന്ന് നടന്ന ധ്യാനത്തിന് റവ. ഡോ. എം. എ. മത്തായി നേതൃത്വം നൽകി. രാത്രി ഫാ. മാത്യു വൈദ്യൻ പ്രസംഗിച്ചു.

10–ാം തീയതി ചൊവ്വാഴ്ച രാവിലെ ഡീക്കൻ ജോർജ് വർഗീസ് ക്ളാസ് എടുത്തു. 9.30 ന് പ. കാതോലിക്കാബാവാ തിരുമനസുകൊണ്ടും തുടർന്ന് തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായും ഉച്ചകഴിഞ്ഞ് ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായും പ്രസംഗിച്ചു. തുടർന്ന് 70–ാം വാർഷികാചരണത്തിൻെറ ഭാഗമായി തുമ്പമൺ ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽനിന്ന് തെരഞ്ഞെടുത്ത 70 പേരെ ദൈവവേലക്കായി പ്രതിഷ്ഠിക്കുകയും അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു. രാത്രി പ്രൊഫ. കെ. എം. തരകൻ പ്രസംഗിച്ചു. ഫെബ്രുവരി 11–ാം തീയതി രാവിലെ സഭാകവി സി. പി. ചാണ്ടി കുട്ടികൾക്കുള്ള ക്ളാസ് എടുത്തു. 10.30 ന് ഫിലിപ്പോസ് മാർ യൗസേബിയോസ് തിരുമേനി വി. കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് ഫാ. പി. എൻ. പോൾ, രാത്രി ഫാ. ജോസഫ് സാമുവൽ എന്നിവർ പ്രസംഗിച്ചു. 12–ാം തീയതി ഫാ എ ഡാനിയേലും, 13–ാം തീയതി ഫാ. എം. സി. ജോർജും, 14–ാം തീയതി യൗസേബിയോസ് തിരുമേനിയും പ്രസംഗിച്ചു.

സപ്തതി സമാപനദിവസമായ 15–ാം തീയതി ഞായറാഴ്ച 9 മണിക്ക് കത്തീഡ്രലിൽ മാർ യൗസേബിയോസ് തിരുമേനി വി. കുർബാന അർപ്പിച്ചു.

3 മണിക്ക് തുമ്പമൺ ഭദ്രാസനത്തിലെ എല്ലാ പള്ളികളുടെയും സംയുക്താഭിമുഖ്യത്തിൽ നന്നുവക്കാട് സെ. ഗ്രിഗോറിയോസ് പള്ളിയിൽനിന്ന് ആരംഭിച്ച വർണ്ണോജ്ജ്വലമായ ഘോഷയാത്ര മണിക്കൂറുകളോളം പട്ടണത്തെ ഭക്തിചൈതന്യത്തിലാഴ്ത്തി.

ഏററവും മുന്നിൽ പൈലററ് ജീപ്പും അതിനു പിന്നിലായി കാതോലിക്കേററ് പതാകകളുമായി



70 മോട്ടോർ സൈക്കിളുകളും അതിനു പിന്നിൽ സപ്തതിയാഘോഷം വിളംബരം ചെയ്ത ബാനറും കാതോലിക്കേററ് പതാകയേന്തിയ 70 ജനറൽ കമ്മററിയംഗങ്ങളും നീങ്ങി. തുടർന്ന് താലപ്പൊലിയേന്തിയ സ്ത്രീകൾ, മുത്തുക്കുടകൾ, പൊൻ വെള്ളിക്കുരിശുകൾ, വിവിധ ബാൻഡുസെററുകൾ, എൻ. സി. സി., സ്കൗട്ട്, ഗൈഡ്സ്, സെൻറ് ബേസിൽ അംഗങ്ങൾ, പ. കാതോലിക്കാബാവായും മെത്രാപ്പോലീത്താമാരും ഉപവിഷ്ടരായ ഹംസരഥം, നിശ്ചല ദൃശ്യങ്ങൾ എന്ന ക്രമത്തിൽ നീങ്ങിയ ഘോഷയാത്രയിൽ പതിനായിരക്കണക്കിന് വിശ്വാസികൾ കാതോലിക്കേററ് കൊടികളുമേന്തി ഭക്തിപൂർവ്വം പങ്കെടുത്തു.

5.30–ന് കൺവൻഷൻ പന്തലിൽ ചേർന്ന സപ്തതിസമ്മേളനത്തിൽ പ. കാതോലിക്കാബാവാ ആദ്ധ്യക്ഷം വഹിച്ചു. സമ്മേളനം പി. ജെ. കുര്യൻ എം. പി. ഉദ്ഘാടനം ചെയ്തു. നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ്, മെത്രാപ്പോലീത്താമാരായ ദാനിയേൽ മാർ പീലക്സീനോസ്, തോമസ് മാർ തിമോത്തിയോസ്,

### വികലാംഗർക്ക് സഹായധനം നൽകി

ബഹറിൻ ഓർത്തഡോക്സ് ഇടവകയിലെ സെ. തോമസ് യൂത്ത് മൂവ്മെൻറിൻെറ ആഭിമുഖ്യത്തിൽ താഴെപറയുന്ന വികലാംഗരായ ആളുകൾക്ക് ധനസഹായം നൽകിയിരിക്കുന്നു. 1) എ. യു. പീററർ (കടമ്പ കർണ്ണാടക) (2) ജി. അമ്മിണിക്കുട്ടി (കൊടുവിള), (3) എ. ഏലിയാമ്മ (പെരുമ്പുഴ, കൊല്ലം), (4) പി. കെ. തങ്കച്ചൻ (അയ്യപ്പൻകോവിൽ), (5) വർഗീസ് വർഗീസ് (ഇടുക്കി), (6) സാമുവേൽകുട്ടി (തോന്നയ്ക്കൽ), (7) കെ. കെ. ഉത്തമൻ (ആഞ്ഞിലിത്താനം), (8) അച്ചാമ്മ മത്തായി (നിരണം), (9) അന്നമ്മ ജോസഫ് (ഒളശ്ശ), (10) സി. ജോർജ് (പാലക്കാട്), (11) പോത്തൻ ഗീവറുഗീസ് (കൊടുവിള), (12) പി. കോശി (കല്ലട). കൂടാതെ പട്ടാഴി ക്രിസ്ത്യൻ ചാരിററബിൾ സൊസൈററിയുടെ 'സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതി' പ്രകാരം ഒരാൾക്ക് ഒരു തയ്യൽമെഷീനും ആന്ധ്രപ്രദേശിലെ സെ. ഗ്രിഗോറിയോസ് ബാലഗ്രാമിൽ ഒരു മുറി പണിയുവാനുള്ള ചിലവിൽ ആദ്യ ഗഡുവായ 11000 രൂപാ മിഷ്യൻ ബോർഡ് യൂത്ത് മൂവ്മെൻറ് പ്രസിഡണ്ട് അഭിവന്ദ്യ ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയെ ഏല്പിച്ചു.

മാത്യൂസ് മാർ എപ്പിപ്പാനിയോസ്, തോമസ് മാർ അത്താനാസിയോസ്, ഫിലിപ്പോസ് മാർ യൗസേബിയോസ്, സഭാ സെക്രട്ടറി പോൾ മത്തായി, മഹാകവി പുത്തൻകാവു മാത്തൻ തരകൻ, തോമസ് കുതിരവട്ടം എം. പി., എം. എൽ. എ മാരായ കെ. കെ. നായർ, പി. എസ്. ചന്ദ്രശേഖരപിള്ള, ഇ. കെ. തോമസ്, പി. പി. ഫിലിപ്പ് തുടങ്ങിയവർ പ്രസംഗിച്ചു. ജനറൽ കൺവീനർ പ്രൊഫ. തോമസ് ആനക്കല്ലിൽ സ്വാഗതവും, ഫാ. എം. ടി. ജോസഫ് കൃതജ്ഞതയും പറഞ്ഞു.

ഫെ. 1–ാം തീയതി തുമ്പമൺ സെൻറ് മേരീസ് കത്തീഡ്രലിൽനിന്ന് യുവജനപ്രസ്ഥാനാംഗങ്ങൾ കാതോലിക്കേററ് പതാകയും, ബഥനി ആശ്രമത്തിൽ നിന്ന് ദീപശിഖയും, അയിരൂർ സെൻറ് മേരീസ് പള്ളിയിൽ നിന്ന് ജനറൽ കമ്മററി അംഗങ്ങൾ കൺവൻഷൻ പതാകയും കൺവൻഷൻ നഗറിലേക്ക് ആഘോഷപൂർവം കൊണ്ടുവരികയുണ്ടായി.

## ഭക്തിവാക്യങ്ങൾ

### പരിശുദ്ധാത്മാവ്

3. 'ദൈവത്തിൻെറ സ്നേഹം നമുക്ക് നല്കപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ.' റോമ. 5: 5b

### തെരഞ്ഞെടുത്തു

ബഹറിൻ സെ. തോമസ് ഓർത്തഡോക്സ് യൂത്ത് മൂവ്മെൻറിൻെറ വാർഷിക പൊതുയോഗം 31–1–87–ൽ സെ. മേരീസ് ഓർത്തഡോക്സ് പള്ളി അങ്കണത്തിൽ വച്ച് പ്രസിഡണ്ട് ഫാ. യൗനാൻ മുളമൂട്ടിലിൻെറ അദ്ധ്യക്ഷതയിൽ കൂടി. സെക്രട്ടറി മി. കെ. എസ്. തോമസിൻെറ റിപ്പോർട്ടും ട്രഷറാർ മി. സി. ജി. എബ്രഹാമിൻെറ 1986–ലെ വരവുചെലവു കണക്കും അംഗീകരിച്ചു. 1987–ലെ ചുമതലക്കാരായി പ്രസിഡൻറ് ഫാ. എം. ജെ. യൗനാനെ കൂടാതെ വൈസ് പ്രസിഡണ്ട് മി. ഈശോ മാത്യു, സെക്രട്ടറി മി. എബ്രഹാം വറുഗീസ്, ട്രഷറാർ മി. ജോർജ് മാത്യു, ജോയിൻെറ് സെക്രട്ടറി മി. കെ. ജി. ഡാനിയേൽ, ഓഡിററർ മി. വില്ല്യം മത്തായി, മററു കമ്മററിക്കാരായി മി. എം. ജി. വറുഗീസ്, മി. ബേബി ജോൺ, മി. ജോൺ പി. സാമുവേൽ, മി. ഫിലിപ്പോസ് തോമസ്, മി. വറുഗീസ് എം. ചാക്കോ എന്നിവരെയും തെരഞ്ഞെടുത്തു.

### സുന്നഹദോസ് സമാപിച്ചു

1987 ഫെബ്രുവരി 23–ാം തീയതി ആരംഭിച്ച പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് 27–ാം തീയതി അവസാനിച്ചു. സുന്നഹദോസിൽ പ. കാതോലിക്കാബാവാ ആദ്ധ്യക്ഷം വഹിച്ചു. കൊച്ചി ഇടവകയുടെ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ ഒഴിച്ചുള്ള എല്ലാ തിരുമേനിമാരും സുന്നഹദോസിൽ സംബന്ധിച്ചു. സുന്നഹദോസ് സംബന്ധിച്ച വിശദവിരങ്ങൾ അടുത്ത ലക്കത്തിൽ.

### ചീഫ് എൻജിനീയറായി നിയമിക്കപ്പെട്ടു

തിരുവനന്തപുരം: കേരളാ ഇലക്ട്രിസിററി ബോർഡിൽ സിവിൽവിഭാഗം എൻജിനിയറായി ശ്രീ. കെ. എം. ജോസഫ് നിയമിതനായി. ഇദ്ദേഹം മലങ്കര ഓർത്തഡോക്സ് സമാംഗവും കുട്ടമ്പേരൂർ സീയോൻപുരം സെൻറ് തോമസ് ഇടവകയിൽപെട്ട കുരുമ്പോലത്ത് കുടുംബാംഗവുമാണ്.

### മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



John Mathew, Bombay

## മരുഭൂമിയിലെ നീരുറവ

### സെൻറ് തോമസ് ഓർത്തഡോക്സ് കോൺഗ്രിഗേഷൻ

### സൗദി അറേബ്യ

1975 സെപ്ററംബർ 12–ാം തീയതി അഭിവന്ദ്യ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായാൽ സ്ഥാപിതമായ ഈ കോൺഗ്രിഗേഷൻെറ 1987-ലെ താഴെ കൊടുത്തിരിക്കുന്ന ജീവകാരുണ്യ ധനസഹായങ്ങൾ അർഹതയുടെ അടിസ്ഥാനത്തിൽ നൽകുന്നതാണ്. ചികിൽസാ സഹായത്തിന് ജാതിമതഭേദമെന്യേ ആർക്കും അപേക്ഷിക്കാം. മററു സഹായങ്ങൾ മുഖ്യമായും ഓർത്തഡോക്സ് സഭാംഗങ്ങൾക്കു നൽകുന്നു.

1. ചികിൽസാ ധനസഹായം: നിരാലംബരും സാധുക്കളുമായ രോഗികൾക്ക് നൽകുന്നു. ഇടവക വികാരിയുടെ ശുപാർശയും രോഗവിവരങ്ങൾ രേഖപ്പെടുത്തിക്കൊണ്ടുള്ള ചികിൽസിക്കുന്ന ഡോക്ടറുടെ സർട്ടിഫിക്കററും അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം.

2. വിവാഹ ധനസഹായം: നിർദ്ധന കുടുംബത്തിലെ, പ്രത്യേകിച്ചും മാതാപിതാക്കൾ ജീവിച്ചിരിപ്പില്ലാത്തവരായ പെൺകുട്ടികളുടെ വിവാഹത്തിന് മുൻഗണന നൽകുന്നു. ഇടവക വികാരിയുടെയും ഇടവക മാനേജിംഗ് കമ്മററിയുടെയും ശുപാർശയും ദശകുറിയുടെ കോപ്പിയും സഹിതം അപേക്ഷ വിവാഹ തീയതിക്ക് വളരെ മുമ്പുകൂട്ടി സൗദിയിൽ കിട്ടിയിരിക്കണം.

3. വിദ്യാഭ്യാസ ധനസഹായം: നിർദ്ധനരും പഠനത്തിൽ സമർത്ഥരുമായ വിദ്യാർത്ഥി–വിദ്യാർത്ഥിനികൾക്ക് [SSC–ക്ക് ശേഷമുള്ള വിദ്യാഭ്യാസത്തിന് നൽകുന്നു. ഫൈനൽ പരീക്ഷയുടെ അററസ്ററുചെയ്ത മാർക്കുലിസ്ററും കോഴ്സ് സർട്ടിഫിക്കററും സ്വഭാവ സർട്ടിഫിക്കററും അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. ഇടവക വികാരിയുടെ ശുപാർശയോടുകൂടി അപേക്ഷകൾ 1987 ആഗസ്ററ് 31–നു മുമ്പ് സൗദിയിൽ കിട്ടിയിരിക്കണം.

4. ഭവനനിർമ്മാണ ധനസഹായം: സ്വന്തമായി സ്ഥലമുള്ളവരും വീടുപണിയുവാൻ സാമ്പത്തികശേഷി ഇല്ലാത്തവരുമായ ചെങ്ങന്നൂർ, തുമ്പമൺ ഭദ്രാസനങ്ങളിലെ ഒരു അപേക്ഷകന് 12000 രൂപാ വീതം നൽകുന്നു. സഹായം ലഭിച്ചാൽ പണിയുടെ പൂർണ്ണ ചുമതല ഏറെറടുത്തു നടത്തി ഒരു വർഷത്തിനകം ഭവനം പൂർത്തിയാക്കാമെന്ന് ഇടവക മാനേജിംഗ് കമ്മററിയുടെയും ഏതെങ്കിലും ആദ്ധ്യാൽമീക സംഘടനയുടെയും സമ്മതപത്രം അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. ഇടവക വികാരിയുടെയും മാനേജിംഗ് കമ്മററിയുടെയും ശുപാർശയോടുകൂടി അപേക്ഷകൾ 1987 ജൂൺ 30–ന് മുമ്പ് സൗദിയിൽ കിട്ടിയിരിക്കണം.

5. മററു സഹായങ്ങൾ: അംഗവൈകല്യം സംഭവിച്ച അശരണരെ, ജീവസന്ധാരണത്തിന് ബുദ്ധിമുട്ടുന്ന അർഹരായ സാധുക്കളെ ഇടവക വികാരിയുടെയും മാനേജിംഗ് കമ്മററിയുടെയും ശുപാർശ സഹിതം അപേക്ഷിച്ചാൽ സഹായത്തിനായി പരിഗണിക്കുന്നതാണ്.

സഭയിലെ ആതുരസ്ഥാപനങ്ങൾക്ക് Special Project ആയി ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നു. മെത്രാപ്പോലീത്തായുടെ ശുപാർശ സഹിതം അപേക്ഷകൾ 1987 ജൂലൈ 31–ന് മുമ്പ് സൗദിയിൽ കിട്ടിയിരിക്കണം. കൂടാതെ കോലഞ്ചേരി, കങ്ങഴ, പരുമല, ശാസ്താംകോട്ട എന്നീ സ്ഥലങ്ങളിലെ സഭവക മിഷ്യൻ ആശുപത്രികൾ വഴിയായും സാധുക്കളായ രോഗികളെ സഹായിച്ചു വരുന്നു.

ഇടവക ആദ്ധ്യാത്മിക സംഘടനകളിൽ പ്രവർത്തിക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകുന്നതാണ്. ഒരു ഇടവകയിൽനിന്ന് ഭവനനിർമ്മാണത്തിനും വിവാഹത്തിനും ഒരു വർഷം ഒരു അപേക്ഷയിൽ കൂടുതൽ അയയ്ക്കരുത്.

ഈ ഷീററിൻെറ മറുവശത്ത് കൊടുത്തിരിക്കുന്നതുപോലെ അപേക്ഷാഫോറം തയ്യാറാക്കി പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തി താഴെ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ മാത്രം അയയ്ക്കുക.

Mathew Alexander, MEDCO, P. O. Box 1140, Alkhobar 31952, Saudi Arabia.

പ്രത്യേകം ശ്രദ്ധിക്കുക: അയക്കുന്ന കവറിൻെറ പുറത്ത് പള്ളിമുദ്രയോ, കുരിശടയാളമോ, ഈ കോൺഗ്രിഗേഷൻെറ പേരോ ഉണ്ടായിരിക്കരുത്. രജിസ്റേറർഡ് തപാലിൽ അയക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

മാനേജിംഗ് കമ്മററി.

1987 ഫെബ്രുവരി 7

# മരുഭൂമിയിലെ നീരുറവ

## ധനസഹായ അപേക്ഷാഫോറം

ഏതു തരത്തിലുള്ള സഹായത്തിന് അപേക്ഷിക്കുന്നു :

പേര് :

തപാൽ മേൽവിലാസം :

P. O. പിൻകോഡ് :

ഇടവക :

ഭദ്രാസനം :

വയസ്സ് :

തൊഴിൽ :

വാർഷിക വരുമാനം :

ഭൂസ്വത്ത് വിവരം :

വിദ്യാഭ്യാസയോഗ്യത :

ഇടവകയിലെ ആദ്ധ്യാത്മിക പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന വിവരം

ഇതിനുമുമ്പ് ഇവിടേക്ക് ധനസഹായത്തിന് അപേക്ഷിച്ചിട്ടുണ്ടോ? ഉണ്ട് എങ്കിൽ – എന്ന്

എപ്പോഴെങ്കിലും ഈ കോൺഗ്രിഗേഷനിൽ നിന്നോ മററു സംഘടനകളിലോ ഇടവകകളിലോ നിന്നോ എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ?

ഉണ്ട് എങ്കിൽ – എവിടെനിന്ന്, എപ്പോൾ, എന്താവശ്യത്തിന്? എന്തു തുക ലഭിച്ചു?

ഇതേ ആവശ്യത്തിന് മററു സ്ഥലങ്ങളിലേക്ക് അപേക്ഷ അയച്ചിട്ടുണ്ടോ?

ഉണ്ട് എങ്കിൽ – എവിടേക്ക്? എപ്പോൾ?

കുടുംബാംഗങ്ങളുടെ / ആശ്രിതരുടെ പൂർണ്ണവിവരം

| പേര് | അപേക്ഷകനുമായുള്ള ബന്ധം | വയസ്സ് | തൊഴിൽ | വാർഷിക വരുമാനം |
|---|---|---|---|---|
| | | | | |

പരിഗണനാർഹമായ മററു പരാധീനതകൾ ഉണ്ടെങ്കിൽ ചുരുക്കത്തിൽ എഴുതുക.

അപേക്ഷകൻെറ ഒപ്പ് :

തീയതി :

അപേക്ഷ സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള ഇടവക വികാരിയുടെ ശുപാർശയും, ഒപ്പും, മേൽവിലാസവും, പള്ളിയുടെ സീലും.

ശ്രദ്ധിക്കുക : ഈ ഫാറത്തിലെ വിവരങ്ങൾ പ്രത്യേകം കടലാസിൽ എഴുതി അയക്കുക. അപേക്ഷകരുടെ മേൽവിലാസത്തിൽ അവരുടെ പോസ്റ്റാഫീസ് പിൻകോഡ് കാണിച്ചിരിക്കണം. സത്യമായ വിവരങ്ങൾ അടങ്ങിയതും പൂർണ്ണവുമായ അപേക്ഷകൾ മാത്രമെ പരിഗണിക്കുകയുള്ളൂ. അപേക്ഷകൾ പ്ളെയിൻ കവറിൽ 20 ഗ്രാമിൽ കൂടാതെ സാധാരണ തപാലിൽ അയക്കുക.

അപേക്ഷകളുടെ ഒരു കോപ്പി, മാനേജർ, മലങ്കരസഭ, കോട്ടയം–38 എന്ന മേൽവിലാസത്തിൽ അയച്ചിരിക്കണം.

മാനേജിംഗ് കമ്മററി.


A new English Medium private boarding goes up to mark a new era in boarding system!

## CHILDREN'S DAY-CARE & BOARDING

(English Medium)

**TRIVANDRUM-5**

This boarding institution which starts functioning in 1988 represents a most modern one, in its structure and function first of its kind in Trivandrum.

**LOCATION:** Trivandrum 5 (Maruthoor) near new govt. Press Mannanthala, on Maruthoor-Mukkolackal Road. It is sufficiently away from the city and in between two best-ranking English Medium high schools-St. Thomas & Marthoma High school, Mukkolackal and St. Mount Lourdes High school, Vattappara, Trivandrum. This newly constructed institution, which houses also a Day-Care section functioning in April 1987, possesses an out-door area of 3000 sq. meters.

**OUR BOARDERS:** Age group 6 years onwards. Most of them join us from Canada, USA and Europe. Much attention is paid on the planning and the construction of our residential wing to give our boarders personal care and a sense of family atmosphere which distinguish this institution from most other school boardings. Maintaining their living standard practised abroad, we avoid dormitories with common-toilets, but provide, at present, seven bath attached double rooms to accommodate about 20 school-going male boarders. The study and recreation rooms are provided extra. The construction of a building to accommodate a matron and 10 female boarders is going on. The inmates enjoy our transport facilities to and from their schools in Trivandrum.

**OUR SPECIAL SERVICES:** 1. On consultation with the school teachers, the efficiency of each boarder will be reported to their parents periodically. - 2. On request, this institution arranges private tuitions in weak subjects, especially in languages-Malayalam, English or Hindi. - 3. The telecommunication facilities enable the parents to have direct contact with their children at any time. - 4. The parents can take advantage of the air port services (in Trivandrum) offered to our inmates who visit their parents abroad.

**OUR BOARDING STAFF:** The matron, a retired school headmistress, will be assisted by a middle-aged female hand. The academical progress of each boarder will be looked after by Mr. George Johnykutty M. Sc., at present, a Public High School teacher in West Germany, returning to Trivandrum in 1988 after completing 15 years of service in teaching abroad (12 years in West Germany). Mr. George Johnykutty, a former boarding teacher of J. N. Petit Technical High School, Poona, India, manages this institution and undertakes the full responsibility and the local guardianship of each boarder.

**RESERVATION & ADMISSION:** The admission will be carried out in April and May 1988 at the time of the school admission in Trivandrum. A Boarding-bound surgeon will check our boarders medically before they get admitted. We reserve the right to give preference to those students whose seats have already been booked by their parents through a cash security of 250 US Dollars (500 DM) each which will subsequently fall under the admission fee to meet the initial requirements of each boarder.

Among other applications for reservations, which can be directed to Mr. George Johnykutty at the present address. Goerresstrabe 18, 5090 Leverkusen 1, West Germany, Telefon 02 14 / 6 82 66 until the end of 1987, preference will be given to those who join us in 1988.

We rightly believe that apart from materialistic necessities children need personal attention and affection to emerge themselves as ideal and respectful personalities.

**CHILDREN'S DAY-CARE & BOARDING**
**Maruthoor, (via) Kallayam P. O.**
**Trivandrum 5**

In response to the requests reaching in our Information Centres in Canada and West Germany, we have made an approximate estimation of monthly boarding fee. We expect an amount not less than Rs. 700,- for the time being covering expenses for food, accomodation, transport, recreational activities and personal care including academic services.

Licence No. 475
11th APRIL 1946
Registered No. KL—KTM—38

# THE MALANKARA SABHA

Catholicate Office, Kottayam—686038

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



**K. M. PAPPACHEN and FAMILY**
**NEW YORK**

Printed and published by Rev. Fr. T. G. Zacharia
For Orthodox Viswasa Paripalana Samathy, Kottayam
at the Catholicate Press, Kottayam-38